2023
MARCH
29
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കാർബൺ ബഹിർഗമനം കുറയ്ക്കാൻ കാർബൺ ക്രെഡിറ്റ് വിപണി

**ന്യൂഡൽഹി:** അന്തരീക്ഷത്തിലേക്ക് കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നത് കുറയ്ക്കാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുന്ന കാർബൺ ക്രെഡിറ്റ് വിപണി ഇക്കൊല്ലം ഇന്ത്യ തുറക്കും. ഇതുസംബന്ധിച്ച കരടു ചട്ടത്തിന്മേൽ കേന്ദ്രം സംസ്ഥാനങ്ങളുടെ അഭിപ്രായം തേടി. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സിനായിരിക്കും വിപണിയുടെ ചുമതല. പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ അധ്യക്ഷതയിൽ 13 അംഗ ഗവേണിങ് ബോഡിയുമുണ്ടാകും. കാർബൺ വിപണിയുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് 'അക്രഡിറ്റഡ് കാർബൺ വെരിഫയർ' സ്ഥാപനങ്ങളും നിലവിൽ വരും.

അനുവദനീയമായ പരിധിക്കും മുകളിൽ കമ്പനികൾ കാർബൺ പുറന്തള്ളുന്നത് ഒഴിവാക്കാനുള്ള സംവിധാനമാണ് കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റ്. ഹരിതോർജ മാർഗങ്ങൾ നടപ്പാക്കുന്ന കമ്പനികൾക്ക് കൂടുതൽ ക്രെഡിറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കും. അനുവദനീയമായ പരിധിക്കപ്പുറത്ത് ഒരു കമ്പനിക്ക് കാർബൺ പുറന്തള്ളണമെങ്കിൽ അതിന് തതുല്യമായ കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

ഇത്തരം കമ്പനികൾ കാർബൺ ക്രെഡിറ്റ് ഉള്ള കമ്പനികളിൽ നിന്ന് (കാർബൺ ക്രെഡിറ്റ് വിപണി) വലിയ വില കൊടുത്തു സർട്ടിഫിക്കറ്റ് വാങ്ങേണ്ടി വരും. ഇതിനു ചെലവേറുമെന്നതിനാൽ കാർബൺ ബഹിർഗമനം കുറയ്ക്കാൻ കമ്പനികളെ പ്രേരിപ്പിക്കും. അതേസമയം, വൻകിട കമ്പനികൾ പണം നൽകി തോന്നുംപടി കാർബൺ തള്ളുമെന്ന ആശങ്കയും വിദഗ്ധർ പങ്കുവയ്ക്കുന്നുണ്ട്.

വൻകിട സ്ഥാപനങ്ങൾ പലതും നിർബന്ധമായും കാർബൺ വിപണിയുടെ ഭാഗമാകുമെന്നാണ് കരടുചട്ടം നൽകുന്ന സൂചന.

## 18 മരുന്നു നിർമാണ കമ്പനികളുടെ ലൈസൻസ് റദ്ദാക്കി



**ന്യൂഡൽഹി:** രാജ്യത്തെ 18 ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ ലൈസൻസ് റദ്ദാക്കി ഡ്രഗ് കൺട്രോൾ ഓഫ് ഇന്ത്യ (ഡിസിജിഐ). ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഉൽപാദപ്പിച്ചതിനെതിരെയാണ് നടപടി. ഇവരോടെ നിർമാണം നിർത്തിവയ്ക്കാനും ആവശ്യപ്പെട്ടു. 26 കമ്പനികൾക്കു നൽകിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയ വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. ഇന്ത്യൻ നിർമിത വ്യാജ മരുന്നുകൾ വിദേശത്ത് വിറ്റഴിക്കുന്നെന്ന റിപ്പോർട്ടുകൾക്കിടെ മരുന്നു കമ്പനികളിൽ വ്യാപക പരിശോധന നടത്തിയാണ് നടപടി.

മരുന്നുകളുടെ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ 20 സംസ്ഥാനങ്ങളിലെ 76 കമ്പനികളിലായി ഡിജിസിഎ പരിശോധന നടത്തി. കേന്ദ്ര സംസ്ഥാന സംഘങ്ങൾ സംയുക്തമായാണു പരിശോധനയിൽ പങ്കെടുത്തത്. കഴിഞ്ഞ 15 ദിവസത്തോളമായി വിവിധ സംസ്ഥാനങ്ങളിൽ പരിശോധന നടത്തിവരികയായിരുന്നു.

ഇന്ത്യൻ മരുന്നുകൾ കഴിച്ച് വിവിധ രാജ്യങ്ങളിൽ മരണവും ഗുരുതര രോഗങ്ങളും റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിലാണ് പരശോധന നടത്തിയത്. കഴിഞ്ഞ മാസം ഗുജറാത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈഡസ് ലൈഫ്സയൻസ് എന്ന കമ്പനി 55,000 മരുന്നുകൾ യുഎസ് വിപണിയിൽനിന്ന് തിരിച്ചു വിളിച്ചിരുന്നു. ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്നായിരുന്നു ഇത്.

തമിഴ്നാട് ആസ്ഥാനമായുള്ള ഗ്ലോബൽ ഫാർമ ഹെൽത്ത് കെയർ ഉൽപാദിപ്പിച്ച കണ്ണിലൊഴിക്കുന്ന മരുന്നു മുഴുവൻ തിരിച്ചുവിളിച്ചിരുന്നു. മരുന്നിൽ അടങ്ങിയ ബാക്ടീരിയ കാഴ്ച നഷ്ടപ്പെടാൻ കാരണമാകുന്നുവെന്ന യുഎസ് ആരോഗ്യ വിഭാഗത്തിന്റെ റിപ്പോർട്ടിനു പിന്നാലെയായിരുന്നു നടപടി.

## ഇൻടോട് ടെക്നോളജീസിന് പുരസ്കാരം

**ന്യൂഡൽഹി:**ടെലികോം രംഗത്തെ മികവിനുള്ള പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യ സ്കിൽ എക്സലൻസ് പുരസ്കാരം (2 ലക്ഷം രൂപ) മലയാളി സ്റ്റാർട്ടപ്പായ ഇൻടോട് ടെക്നോളജീസിന്. രാജ്യമാകെ 5 സ്റ്റാർട്ടപ്പുകൾക്കാണ് പുരസ്കാരം. രാജിത് നായർ, പ്രശാന്ത് തങ്കപ്പൻ എന്നിവരാണ് കൊച്ചി ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന ഇൻടോട്ടിന്റെ സ്ഥാപകർ. ചെലവു കുറഞ്ഞ ഡിജിറ്റൽ റേഡിയോ ബ്രോഡ്കാസ്റ്റ് റിസീവർ വികസിപ്പിച്ചതിനാണ് അംഗീകാരം.

## സൗദി നാഷനൽ ബാങ്ക് ചെയർമാൻ രാജിവച്ചു

**ദുബായ്:** സൗദി നാഷനൽ ബാങ്ക് ചെയർമാൻ അമർ അൽ ഖുദെയ്രി രാജിവച്ചു. ക്രെഡിറ്റ് സ്വീസിലെ ഏറ്റവും വലിയ ഓഹരി ഉടമയായ സൗദി നാഷനൽ ബാങ്ക്, കൂടുതലായി പണം മുടക്കില്ലെന്ന് അമർ അൽ ഖുദെയ്രി കഴിഞ്ഞ ആഴ്ച പറഞ്ഞിരുന്നു. ഇതേ തുടർന്ന് ബാങ്ക് ഓഹരി വില 30 ശതമാനം കുറഞ്ഞു. തൊട്ടു പിന്നാലെ സ്വിസ് നാഷനൽ ബാങ്ക് 5400 കോടി ഡോളറിന്റെ സഹായവും വാഗ്ദാനം ചെയ്തിരുന്നു.

ഏതാനും മാസം മുൻപ് സൗദി നാഷനൽ ബാങ്ക് ക്രെഡിറ്റ് സ്വീസിൽ 150 കോടി ഡോളറിന്റെ നിക്ഷേപം നടത്തിയിരുന്നു. സാമ്പത്തിക പ്രതിസന്ധിയിലായ ക്രെഡിറ്റ് സ്വീസ് ബാങ്കിനെ 300 കോടി സ്വിസ് ഫ്രാങ്കിന് (323 കോടി ഡോളർ) സ്വിറ്റ്സർലൻഡിലെ ഏറ്റവും വലിയ ബാങ്കായ യുബിഎസ് ഏറ്റെടുക്കാനും തീരുമാനിച്ചു.




## ടെലികോം വകുപ്പിന്റെ അതീവസുരക്ഷാ സംവിധാനം ഹാക്ക് ചെയ്താൽ സമ്മാനം 10 ലക്ഷം



**ന്യൂഡൽഹി:** രാജ്യതല സ്ഥാനത്ത് ടെലികോം വകുപ്പ് സജ്ജമാക്കിയ അത്യാധുനിക സുരക്ഷയുള്ള ആശയവിനിമയ സംവിധാനം ഹാക്ക് ചെയ്യുന്നവർക്ക് 10 ലക്ഷം രൂപ വീതം സമ്മാനമായി നൽകാൻ കേന്ദ്രത്തിന്റെ ചാലഞ്ച് വരുന്നു. ടെലികോം വകുപ്പിന്റെ ആസ്ഥാനമായ സഞ്ചാർ ഭവൻ കെട്ടിടവും നാഷനൽ ഇൻഫോമാറ്റിക്സ് സെന്ററുള്ള (എൻഐസി) സിജിഒ കോംപ്ലക്സും തമ്മിലുള്ള 'ക്വാണ്ടം സെക്യുർ കമ്യൂണിക്കേഷൻ' ചാനൽ ഭേദിക്കുന്നവർക്കാണ് പ്രതിഫലം. ചാലഞ്ച് ഔദ്യോഗികമായി ഉടൻ ആരംഭിക്കും. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സംവിധാനത്തിന്റെ സുരക്ഷ പരിശോധിച്ചുറപ്പിക്കുകയാണ് ലക്ഷ്യം. രാജ്യമാകെ ഇത് വ്യാപിപ്പിക്കുന്നതിനു മുന്നോടിയായിട്ടാണ് ഹാക്കിങ് ചലഞ്ച്. ഹാക്ക് ചെയ്യുന്നവർക്ക് സർക്കാരിന്റെ ക്വാണ്ടം അലയൻസിന്റെ ഭാഗമാകാനും കഴിയും.

സൂപ്പർ കംപ്യൂട്ടറുകളെ കടത്തിവെട്ടുന്ന വേഗമുള്ളവയാണ് ക്വാണ്ടം കംപ്യൂട്ടറുകൾ. ഇലക്ട്രോണുകൾ, ഫോട്ടോണുകൾ തുടങ്ങി ക്വാണ്ടം മെക്കാനിക്സ് നിയമങ്ങൾ അനുസരിക്കുന്ന കണങ്ങളുടെ ഭൗതികനിയമങ്ങൾ ഉപയോഗിച്ചാണു ക്വാണ്ടം കംപ്യൂട്ടിങ് പ്രവർത്തിക്കുന്നത്. നിലവിൽ ഡിജിറ്റൽ ലോകത്തെ ആശയവിനിമയം സുരക്ഷിതമാക്കാൻ ഉപയോഗിക്കുന്ന എൻക്രിപ്ഷൻ രീതികൾ തകർക്കാൻ ശേഷിയുള്ളതാണ് ഈ കംപ്യൂട്ടറുകൾ.

സൈനിക,ആരോഗ്യ രംഗത്തടക്കം എൻക്രിപ്ഷൻ ഭേദിച്ച് ഹാക്കർമാർക്ക് ഡേറ്റ ചോർത്താനായൽ വലിയ പ്രത്യാഘാതമുണ്ടാക്കും.

അതുകൊണ്ട് ക്വാണ്ടം കംപ്യൂട്ടിങ്ങിനെ നേരിടാൻ ശേഷിയുള്ള പുതുതലമുറ ആശയവിനിമയ സംവിധാനമാണ് ക്വാണ്ടം സെക്യുർ കമ്യൂണിക്കേഷൻ. ഇത്തരമൊരു സംവിധാനത്തിന്റെ സുരക്ഷാ പരിശോധനയ്ക്കാണ് ചലഞ്ചിലൂടെ സർക്കാർ ഒരുങ്ങുന്നത്.

## മാലിന്യത്തിന്റെ പുനരുപയോഗ സാധ്യതകൾ പ്രചരിപ്പിക്കണം: മന്ത്രി

**തിരുവനന്തപുരം:** മാലിന്യത്തിന്റെ പുനരുപയോഗമെന്ന ആശയം പ്രചരിപ്പിക്കുന്നതിന് ശാസ്ത്രാവബോധമുള്ള വിദ്യാർത്ഥികളും അധ്യാപകരും മുൻകൈയെടുക്കണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എം.ബി രാജേഷ്. കാർഷിക സർവകാലാശാലയുടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ ഉദ്ഘാടനം വെള്ളായണി കാർഷിക കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. വേസ്റ്റ് ടു വെൽത് എന്നതാണ് പുതിയ സങ്കൽപമെന്നും പാഴ്‌വസ്തുക്കളുടെ പുനരുപയോഗവും പുനഃചംക്രമണവും എന്ന ആശയം ലോകത്താകമാനം നടപ്പാക്കി വരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. മാലിന്യ സംസ്കാരണത്തിനുള്ള വീഡിയോ മേക്കിംഗ് മത്സരത്തിലും എൻ എസ്എസ് യൂണിറ്റ് നടത്തിയ ക്വിസ് മത്സരത്തിലും വിജയികളായവർക്കുള്ള സമ്മാനവും മന്ത്രി വിതരണം ചെയ്തു.

കാർഷിക കോളേജുകളിലെ അജൈവ ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ശാശ്വത പരിഹാരമായി ആരംഭിച്ചതാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ. തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള ക്ലീൻ കേരളയാണ് എം സി എഫ് കെട്ടിടം നിർമിക്കുന്നത്. വെള്ളായണി, വെള്ളാനിക്കര, പടന്നക്കാട് കാർഷിക കോളേജുകളിലാണ് ആദ്യഘട്ടത്തിൽ നിർമാണം പൂർത്തിയാക്കിയത്. സ്രോതസുകളിൽ തന്നെ വേർതിരിച്ച പ്ലാസ്റ്റിക്, പേപ്പർ, ഇമാലിന്യം എന്നിവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുകയും തുടർന്ന് ക്ലീൻ കേരള കമ്പനി സംസ്കരണത്തിനായി ശേഖരിക്കുകയും ചെയ്യും.

കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ ചന്ദ്രു കൃഷ്ണ അധ്യക്ഷനായിരുന്നു. വാർഡ് മെമ്പർ ശ്രീജിൻ, വെള്ളായണി കാർഷിക കോളേജിലെ ഡീൻ ഓഫ് ഫാക്കൽറ്റി ഡോ.റോയ് സ്റ്റീഫൻ, കാർഷിക സർവകലാശാല ഗ്രീൻ പ്രോട്ടോക്കോൾ നോഡൽ ഓഫീസർ ഡോ.എ പ്രേമ, ക്ലീൻ കേരള കമ്പനി എം.ഡി ജി.കെ സുരേഷ് കുമാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരും പങ്കെടുത്തു.

# സംസ്ഥാന സർക്കാറിന്റെ രണ്ടാം വാർഷികം ഏപ്രിൽ 11 മുതൽ 17 വരെ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാറിന്റെ രണ്ടാം വാർഷികം ഏപ്രിൽ 11 മുതൽ 17 വരെ കണ്ണൂരിൽ വിപുലമായി നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യ രക്ഷാധികാരിയായി സംഘാടക സമിതി രൂപീകരിച്ചു. എന്റെ കേരളം എക്സിബിഷൻ രണ്ടാം എഡിഷൻ എന്ന പേരിൽ കണ്ണൂർ പൊലീസ് മൈതാനിയിലാണ് പ്രദർശനം നടത്തുക.

ഡിപിസി ഹാളിൽ ചേർന്ന യോഗം രാമചന്ദ്രൻ കടന്നപ്പള്ളി എംഎൽഎ ഉദ്ഘാടനം ചെയ്തു. കെ പി മോഹനൻ എം എൽ എം അധ്യക്ഷത വഹിച്ചു. കെ വി സുമേഷ് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ, ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ, പയ്യന്നൂർ നഗരസഭ ചെയർപേഴ്സൺ കെ വി ലളിത, അസി. കലക്ടർ മിസാൽ സാഗർ ഭരത്, തളിപ്പറമ്പ് ആർ ഡി ഒ ഇ പി മേഴ്സി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ കെ പത്മനാഭൻ, മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി പി ബാലൻ രാഷ്ട്രീയസാമൂഹ്യസാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു.

നിയമസഭാ സ്പീക്കർ എ എൻ ഷംസീർ, പട്ടികജാതി പട്ടികവർഗ ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ, ജില്ലയിലെ എംപിമാർ, എംഎൽഎമാർ, കണ്ണൂർ മേയർ, കണ്ണൂർ റേഞ്ച് ഡിഐജി, കണ്ണൂർ സർവകലാശാല വൈസ് ചാൻസിലർ എന്നിവർ സംഘാടക സമിതി രക്ഷാധികാരികളാണ്.

ചെയർമാൻ രാമചന്ദ്രൻ കടന്നപ്പള്ളി എംഎൽഎ, കോ. ചെയർപേഴ്സൺ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ, ജനറൽ കൺവീനർ ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ, കോ ഓർഡിനേറ്റർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ കെ പത്മനാഭൻ.

ഉപസമിതികൾ ചെയർമാൻ, കൺവീനർ എന്ന ക്രമത്തിൽ: പ്രോഗ്രാം കമ്മിറ്റി: എം പ്രകാശൻ മാസ്റ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോ. ഡയറക്ടർ ടി ജെ അരുൺ, എക്സിബിഷൻ കമ്മിറ്റി: ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. ബിനോയ് കുര്യൻ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എ എസ് ഷിറാസ്. ഫുഡ് കോർട്ട് കമ്മിറ്റി: കണ്ണൂർ കോർപറേഷൻ സ്ഥിരം സമിതി ചെയർമാൻ സുരേഷ് ബാബു എളയാവൂർ, ഡെപ്യൂട്ടി കലക്ടർ എൽഎ ടി വി രഞ്ജിത്ത്, പബ്ലിസിറ്റി കമ്മിറ്റി: ഡിടിപിസി, എക്സി. അംഗം സി പി ഷൈജൻ, പി.ആർ.ഡി അസി. എഡിറ്റർ പിപി വിനീഷ്, വളണ്ടിയർ കമ്മിറ്റി: ബ്ലോക്ക് പഞ്ചായത്ത് അസോ. സംസ്ഥാന പ്രസിഡണ്ട് സി എം കൃഷ്ണൻ, യുവജനക്ഷേമ ബോർഡ് ജില്ലാ കോ ഓർഡിനേറ്റർ, അഡ്വ. സരിൻ ശശി, കല, സാംസ്കാരികം: ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൻ അഡ്വ. ടി സരള, ഫോക്‌ലോർ അക്കാദമി സെക്രട്ടറി എ വി അജയകുമാർ, ഘോഷയാത്ര, അനുബന്ധ പരിപാടി: ഗ്രാമപഞ്ചായത്ത് അസോ, ജില്ലാ പ്രസിഡന്റ് എം ശ്രീധരൻ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ കെ. പ്രസീത, മീഡിയ: കണ്ണൂർ പ്രസ് ക്ലബ്ബ് പ്രസിഡണ്ട്, സിജി ഉലഹന്നാൻ, ഷാജി തയ്യിൽ.

## 36 കോടി ചെലവാക്കി 726 ക്യാമറകൾ സ്ഥാപിച്ചിട്ട് 8 മാസം; പ്രവർത്തനാനുമതിയായില്ല

**തിരുവനന്തപുരം:** സീറ്റ് ബെ!ൽറ്റ് ധരിക്കാതെയും മൊബൈൽ ഫോൺ ഉപയോഗിച്ചും വണ്ടി ഓടിച്ചാൽ കയ്യോടെ പിടികൂടി പിഴ ഈടാക്കുന്നത് ഉൾപ്പെടെ ആധുനിക സംവിധാനങ്ങളുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ക്യാമറകൾ സ്ഥാപിച്ചിട്ട് 8 മാസമായിട്ടും വകുപ്പുകൾ തമ്മിലുള്ള തർക്കം മൂലം പ്രവർത്തനാനുമതിയായില്ല. 726 ക്യാമറകളാണ് 236 കോടി ചെലവാക്കി കേരളത്തിലെ പ്രധാന പാതകളിലും ടൗണുകളിലും സ്ഥാപിച്ചത്. 33 ലക്ഷം രൂപയോളമാണ് ഒരു ക്യാമറയുടെ വില. കെൽട്രോണിനായിരുന്നു പൂർണ ചുമതല. 4 വർഷം മുൻപ് തീരുമാനിച്ച് കരാർ കൊടുത്ത പദ്ധതി കമ്മിഷൻ ചെയ്തിട്ട് 8 മാസം പിന്നിടുന്നു. എന്നാൽ പദ്ധതിയുടെ ആദ്യ ഉത്തരവിൽ ഉണ്ടായ ചില പാകപ്പിഴകളും പദ്ധതിയുടെ ചെലവിൽ ധനകാര്യ വകുപ്പ് ചൂണ്ടിക്കാട്ടിയ വീഴ്ചകളുമാണ് ക്യാമറകളെ ഫയലുകളിൽ കുരുക്കിയത്. ഒടുവിൽ 6 കോടിയോളം രൂപ കുറയ്ക്കാമെന്ന് കെൽട്രോൺ സമ്മതിച്ചതോടെയാണ് ധനകാര്യ വകുപ്പ് അയഞ്ഞത്. ആദ്യത്തെ ഉത്തരവ് മാറ്റി പുതിയ ഉത്തരവിറക്കാൻ ഫയൽ ഇനി മന്ത്രിസഭാ യോഗം പരിഗണിക്കണം.

5 വർഷത്തിനകം കെൽട്രോണിന് 236 കോടി തിരിച്ചടച്ചാൽ മതിയെന്നായിരുന്നു വ്യവസ്ഥ. 5 വർഷത്തിനിടെ റോഡിൽ വാഹനങ്ങളിൽ നിന്നുള്ള പിഴയായി 450 കോടി രൂപ സർക്കാരിന് വരുമാനം ലഭിക്കുമെന്നായിരുന്നു പദ്ധതിയുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്നത്.ഒരു മാസം 726 ക്യാമറകളിലുമായി 30,000 വാഹനങ്ങളുടെ കുറ്റം കണ്ടെത്തി അറിയിക്കുന്നുണ്ടെങ്കിലും സർക്കാർ തീരുമാനം വരാത്തതിനാൽ പിഴയീടാക്കുന്നതു തുടങ്ങിയിട്ടില്ല. 100 രൂപയാണ് എഐ ക്യാമറയിൽപെടുന്ന കുറ്റകൃത്യങ്ങൾക്ക് പിഴ. ഈ കണക്കു പ്രകാരം 3 കോടിയാണ് പിഴയിനത്തിൽ മാസം സർക്കാരിന് വരുമാനം ലഭിക്കേണ്ടിയിരുന്നത്.

# സംസ്ഥാന വ്യാപക പണിമുടക്ക്: ചരക്കു ഗതാഗത മേഖല സ്തംഭിച്ചു

**തിരുവനന്തപുരം:** ചരക്കു ഗതാഗത മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ഓ!ൾ കേരള ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ആൻഡ് ഓണേഴ്സ് കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികളും വാഹന ഉടമകളും സംസ്ഥാന വ്യാപകമായി പണിമുടക്കി. സമരത്തിൽ നിർമാണ മേഖലയടക്കം ഏകദേശം പൂർണമായി സ്തംഭിച്ചു. എഫ്സിഐ ഗോഡൗണുകളിൽ നിന്നുള്ള ഭക്ഷ്യധാന്യ നീക്കവും ഭാഗികമായി നിലച്ചു.



പണിമുടക്കിയ തൊഴിലാളികളും വാഹന ഉടമകളും ജില്ലാ കേന്ദ്രങ്ങളിലേക്കു മാർച്ച് നടത്തി.തിരുവനന്തപുരത്തു കലക്ടറേറ്റിലേക്കു നടത്തിയ മാർച്ച് സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. എഐടിയുസി ജില്ലാ വൈസ് പ്രസിഡന്റ് മൈക്കിൾ ബാസ്റ്റിൻ അധ്യക്ഷത വഹിച്ചു.

കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ പി. എസ്. ജയചന്ദ്രൻ, ഓൾ ഇന്ത്യ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ലക്ഷമയ്യ, മോട്ടർ കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സി.കെ. ഹരികൃഷ്ണൻ, കോ ഓർഡിനേഷൻ നേതാക്കളായ എൻ. സുന്ദരം പിള്ള, വി. ശാന്തകുമാർ, വി.എസ്.ശ്രീകാന്ത്, പുത്തൻപള്ളി നിസാർ, മണ്ണാമ്മൂല രാജീവ്, മലയിൻകീഴ് ചന്ദ്രൻ, സക്കീർ ഹുസൈൻ, അജി ആറ്റുകാൽ തുടങ്ങിയവർ പ്രസംഗിച്ചു.

കേന്ദ്ര ഗതാഗത നിയമത്തിന്റെ പേരിൽ റവന്യു, പൊലീസ്, ആർടിഒ, ലീഗൽ മെട്രോളജി വകുപ്പ്, മൈനിങ് ആൻഡ് ജിയോളജി ഉദ്യോഗസ്ഥർ ലോറി തൊഴിലാളികളെ പീഡിപ്പിക്കുകയാണെന്നു കോ ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികൾ ആരോപിച്ചു.

ഇന്ധന, സ്പെയർപാർട്സ് വിലവർധന, ഇൻഷുറൻസ് പ്രീമിയം വർധന എന്നിവ മൂലം തകർന്ന വ്യവസായത്തെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ നിയമ നിർമാണം നടത്തണമെന്ന് ആവശ്യപ്പെട്ടായിരുന്നു സമരം.





# ചട്ടിയിലും വളർത്താം കുറ്റിക്കുരുമുളക്

സുഗന്ധവ്യഞ്ജന രാജാവിനെ മുറ്റത്തോ, തൊടിയിലോ, മട്ടുപ്പാവിലോ, മഴമറയിലോ ഉയരം ക്രമീകരിച്ചു വളർത്തി അലങ്കാരത്തിനും വീട്ടാവശ്യത്തിനും നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുമെല്ലാം പ്രയോജനപ്പെടുത്താവുന്ന കുറച്ചു രീതികൾ പരിചയപ്പെടാം.

കുറ്റിക്കുരുമുളക് കൃഷിക്ക് ഏറെ പ്രചാരമുള്ള കാലമാണിത്. താങ്ങുകാലുകളുടെ സഹായമില്ലാതെ കുരുമുളകിനെ കുറ്റിച്ചെടിയായി ചട്ടിയിലോ നിലത്തോ വളർത്താമെന്നതാണ് ഇതിന്റെ പ്രത്യേകത. നട്ട് ഒരു വർഷം പ്രായമാകുന്നതോടെ ഒരു കൊടിയിൽ നിന്ന് ശരാശരി 300350 ഗ്രാം ഉണക്കക്കുരുമുളക് ലഭിക്കുകയും ചെയ്യും.

കുരുമുളകിന്റെ തിരികൾ വരുന്ന തലകൾ (പാർശ്വശിഖരങ്ങൾ) അഥവാ കണ്ണിത്തലകളാണു നടീൽ വസ്തുക്കളായി ഉപയോഗിക്കുന്നത്. ഒരു വർഷം പ്രായമായ മൂന്നു മുതൽ നാല് മുട്ടു വരെയുള്ള തണ്ടുകൾ വേനൽ മഴയ്ക്കുശേഷം തോട്ടത്തിൽ നിന്നെടുക്കുകയാണ് ആദ്യ പടി.

ചെന്തലകളെ അപേക്ഷിച്ച് വേര് പിടിച്ചുകിട്ടാൻ പ്രയാസമായതിനാൽ നടുന്നതിനു മുമ്പു മുറിച്ച തണ്ടിന്റെ ചുവടുഭാഗം 45 സെക്കൻഡ് ഐബിഎ ലായനിയിൽ മുക്കിവയ്ക്കണം. ( ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം ഐബിഎയും 35 ഗ്രാം അലക്കുകാരവും ചേർത്ത മിശ്രിതമാണ് ഐബിഎ ലായനി.)

പിന്നീട് തണ്ടുകൾ സൂര്യതാപീകരണത്തിനു വിധേയമായ പോട്ടിംഗ് മിശ്രിതം നിറച്ച (2:1:1 അനുപാതത്തിൽ മേൽമണ്ണ്, ചകരിച്ചോർ, ചാണകപ്പൊടി എന്നിവ കൂട്ടിക്കലർത്തിയത്) ബാഗുകളിൽ നടണം. ഒരു ബാഗിനു ഒരു തണ്ട് എന്ന രീതിയിലാണ് നടേണ്ടത്. തണ്ടിന്റെ ഒന്നോ രണ്ടോ മുട്ട് പോട്ടിംഗ് മിശ്രിതത്തിലേക്ക് ഇറക്കി നടുകയും വേണം.

കണ്ണിത്തലയുടെ വേരുപിടിത്തം ഉറപ്പാക്കാൻ ഇവ മുറിക്കുമ്പോൾ പ്രധാന തണ്ടിന്റെ മുട്ട് കൂടി ചേർത്ത് മുറിച്ചെടുക്കുന്നതു നല്ലതാണ്. പോട്ടിംഗ് മിശ്രിതത്തിൽ നട്ട തണ്ടുകൾക്ക് ഒന്നര മുതൽ രണ്ടു മാസം വരെ പുത നൽകണം. ഇതിനായി ഇല പൊഴിയാത്ത തണ്ടുകൾ (അരണമരം/മുളർമാവ്)/ ഗ്രീൻനെറ്റ് എന്നിവയിൽ ഏതെങ്കിലും ഉപയോഗിക്കാം. ഈ സമയങ്ങളിൽ പൂവാളി ഉപയോഗിച്ചു രണ്ടു നേരം നന ഉറപ്പു വരുത്തണം.

ഒന്നോ രണ്ടോ ഇല വന്നാൽ പുത മാറ്റേണ്ടതും ജലസേചനം തുടരേണ്ടതുമാണ്. വേരു പിടിച്ച തൈകൾ വലിയ ചട്ടിയിലോ കുഴിയിലോ നടാം. ചട്ടിയുടെ വലിപ്പത്തിനനുസരിച്ചായിരിക്കും കൊടിയുടെ വളർച്ചയും വിളവും. ഇവ തെങ്ങിൻ തോപ്പിൽ ഇടവിളയായും കൃഷി ചെയ്യാവുന്നതാണ്. 8 10 വർഷം വരെ വിളവ് ലഭിക്കും. രണ്ടു വർഷം കൂടുമ്പോൾ വേരുകൾക്കു ക്ഷതം സംഭവിക്കാതെ പുതുതായി പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയിലേക്കു മാറ്റണമെന്നു മാത്രം.

രണ്ടു മാസത്തിലൊരിക്കൽ ഒരു കൊടിക്ക് 2.17 ഗ്രാം യൂറിയ 3 ഗ്രാം രാജ്ഫോസ്, 3.3 ഗ്രാം പൊട്ടാഷ് എന്നിവ ചുവട്ടിൽ നൽകണം. 15 ഗ്രാം കടലപ്പിണ്ണാക്ക് 33 ഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ ഇടവിട്ട് നൽകുന്നതും നല്ലതാണ്. വേനൽക്കാലത്ത് തണലും നനയും നൽകണം.

ചെടിയിൽ നിന്നു വളർന്നു പടരുന്ന വള്ളികൾ സമയാസമയങ്ങളിൽ മുറിച്ചു നീക്കുന്നതു കൊടിയെ കുറ്റിയായി നിൽക്കാൻ സഹായിക്കും. നേരിട്ട് മുറ്റത്ത് നടുകയാണെങ്കിൽ 2 മീ : 2 മീ അകലം പാലിക്കണം. പന്നിയൂർ 21 പന്നിയൂർ 5, വിജയ് പൗർണമി എന്നീ ഇനങ്ങൾ തെങ്ങിൻതോട്ടങ്ങളിൽ മികച്ച വിളവ് തരുന്നു.

കുരുമുളക് കൃഷിയിൽ ഏറെ പ്രചാരത്തിലുള്ള നടീൽ വസ്തുക്കളാണ് ചെന്തലകളും പാർശ്വശാഖകളും. ചെന്തലുകൾ ഉപയോഗിച്ചുണ്ടാക്കുന്ന കൊടികൾ വള്ളികളായി മുകളിലോട്ടു പോകുമ്പോൾ പാർശ്വശാഖകൾ ഉപയോഗിച്ചുള്ളവ കുറ്റിക്കുരുമുളകായി നിൽക്കുന്നു. ഇവയിൽ നിന്നു വ്യത്യസ്തമായി അതിസാന്ദ്രതകൃഷിയിൽ ഉപയോഗിക്കുന്ന നടീൽ വസ്തുവാണ് കേറുതലകൾ.

കുരുമുളക് കൊടിയുടെ മുകളിലുള്ള തലയെയാണു കേറുതലകൾ (ഏറുതലകൾ). കുരുമുളക് കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന വിയറ്റ്നാം പോലെയുള്ള രാജ്യങ്ങളിൽ ഭൂരിഭാഗം കർഷകരും കേറുതലകൾ ഉപയോഗിച്ചുള്ള അതിസാന്ദ്രതാ കൃഷിയാണു ചെയ്തു വരുന്നത്.

നട്ട് അടുത്ത വർഷം തന്നെ വിളവ് കിട്ടുമെന്ന പ്രത്യേകതയുമുണ്ടിതിന്. സാധാരണ കൊടികളിൽ നിന്നു വ്യത്യസ്തമായി ഏറ്റവും താഴെ നിന്നുപോലും പാർശ്വശിഖരങ്ങൾ വരുമെന്നതും ഈ രീതിയെ ആകർഷകമാക്കുന്നു.

# ആവശ്യം ഏറെ ഉണ്ടായിട്ടും കേരളത്തിൽ കൃഷി തീരെക്കുറവ്

കുരുമുളകിന്റെ ഗണത്തിൽപ്പെട്ട ഔഷധസസ്യമാണ് തിപ്പലി. ആയുർവേദ ചികിത്സയ്ക്ക് പ്രധാനിയായതുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരുടെ എണ്ണം ഏറുകയാണ്. കേരളത്തിലെ കാലാവസ്ഥയ്ക്ക് കൃഷി ചെയ്യുവാൻ അനുയോജ്യമായ തിപ്പലി അറിഞ്ഞ് കൃഷി ചെയ്താൽ നല്ല വിളവ് കിട്ടുമെന്നതിൽ സംശയമില്ല. തെങ്ങിൻതോപ്പുകളിൽ ഇടവിളയായും കൃഷി ചെയ്യാവുന്നതാണ്. കുരുമുളക് പോലെ തിരികളായാണ് തിപ്പലിയിലും കായകൾ പിടിക്കുന്നത്. അധികം വെയിലേൽക്കുന്നയിടങ്ങളിൽ തിപ്പലിയുടെ വളർച്ച കുറയും. തണലിടങ്ങളാണ് പൊതുവേ തിപ്പലിക്ക് വളരാൻ അഭികാമ്യം. ചെറുതിപ്പലി, വൻതിപ്പലി, കുഴിതിപ്പലി, കാട്ടുതിപ്പലി, ഉണ്ട തിപ്പിലി അങ്ങനെ പലതരത്തിലുള്ള തിപ്പലികളുണ്ട്. ഓരോ മണ്ണിനും യോജിച്ചവ കണ്ടെത്തി വേണം കൃഷി ചെയ്യാൻ.



തിപ്പലിയുടെ വിളഞ്ഞു പാകമായ അരി പാകിയോ തണ്ടുകൾ മണ്ണിൽ കുഴിച്ചുവെച്ചോ തൈകൾ മുളപ്പിക്കാവുന്നതാണ്. പോളിത്തീൻ കവറുകളിൽ നട്ടുപിടിപ്പിച്ച ശേഷം മണ്ണിലേക്ക് മാറ്റി നടുന്നതാണ് നല്ലത്. ജൂലൈ മുതൽ നവംബർ വരെയുള്ള കാലാവസ്ഥയാണ് തൈകൾ നടാൻ ഏറ്റവും അനുയോജ്യമായത്.

വേനൽക്കാലങ്ങളിൽ ആവശ്യത്തിനു ചെടികൾ നനച്ച് കൊടുക്കണം. നന്നായി പരിപാലിച്ചാൽ തൈകൾ നട്ട് കഴിഞ്ഞ് ഏഴ് എട്ട് മാസം കഴിയുമ്പോഴേക്കും തിരിയിടൽ തുടങ്ങും. കായകൾ പഴുക്കുമ്പോൾ പച്ചനിറം മാറി കറുപ്പ് നിറമായി മാറുന്നു. ഈ സമയത്താണ് വിളവെടുപ്പ് നടത്തുന്നത്. വിളവെടുത്ത കായ്കൾ സൂര്യ പ്രകാശത്തിൽ ഉണക്കി ഈർപ്പം കടക്കാത്ത പാത്രങ്ങളിൽ സൂക്ഷിച്ചു വച്ചാൽ വളരെ നാളുകൾ കേട് കൂടാതെയിരിക്കും.

ആവശ്യം ഒത്തിരിയുണ്ടെങ്കിലും കേരളത്തിൽ കൃഷി തീരെക്കുറവാണ്. അതിനാൽ ആവശ്യക്കാർ ഏറെയുണ്ട്. മികച്ച വില ലഭിക്കുമെന്ന കാര്യത്തിലും ഉറപ്പ്.



# തൊട്ടാവാടി: നൈട്രജൻ ഏറ്റവും കൂടുതൽ മണ്ണിലെത്തിക്കുന്ന സസ്യം

നമ്മുടെ നാട്ടിൽ സർവസാധാരണമായി കാണുന്ന ഔഷധച്ചെടിയാണ് ലജ്ജാലു അഥവാ തൊട്ടാവാടി. തൊട്ടാലുടൻ ഇലകൾ കൂമ്പുന്നതിനാലാണ് ഈ പേരുകൾ വന്നത്. നിലത്തു പടർന്നു കിടക്കുന്ന തൊട്ടാവാടി രണ്ടു തരമുണ്ട്. വെള്ള പൂവുള്ളതും റോസ് പൂവുള്ളതും. ഇല കൂമ്പിയാൽ കുറച്ചുസമയം കഴി!ഞ്ഞാൽ മാത്രമേ ഉണർന്നുവരികയുള്ളൂ. വിത്തുകൾ വഴിയാണ് വംശവർധന. നൈട്രജൻ ഏറ്റവും കൂടുതൽ മണ്ണിലെത്തിക്കുന്ന സസ്യമാണിത്.

വേരും ഇലയും തണ്ടും സമൂലം ഔഷധങ്ങൾക്കായി ഉപയോഗിക്കുന്നു. ഗാലക്ടോസ്, മാന്നോസ്, ടാനിൻ എന്നീ രാസഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. മുറിവുണങ്ങാൻ ഇലകൾ ചതച്ചുവച്ചാൽ മതി. ഈ ഘടകങ്ങൾ ശ്വാസവൈഷമ്യം, വ്രണം, രക്തശുദ്ധി എന്നിവയ്ക്കുള്ള ഔഷധങ്ങളിൽ ചേർക്കുന്നു. സമൂലമാണ് ഔഷധ പ്രയോഗം. കുട്ടികളുടെ ശ്വാസവൈഷമ്യം, ആസ്മ, ബാഹ്യവസ്തുക്കളുടെ സാമീപ്യം മൂലമുള്ള ചൊറിച്ചി ൽ, ചർമരോഗങ്ങൾ, പ്രമേഹം എന്നിവയ്ക്ക് ഇതിന്റെ നീര് സ്ഥിരമായി കഴിച്ചാൽ കുറവുണ്ടാകും. ശരീരത്തിൽ മുറിവു പറ്റിയാൽ ഇലകൾ ചതച്ച് നീരോടെ തേച്ചു കൊടുക്കുന്നു. രക്താർശസിനും ശുഭഭ്രംഗമുള്ള അർശസിനും ഔഷധമാണ്. സ്തനവളർച്ചയ്ക്ക് സമൂലം അരച്ചെടുത്ത് എണ്ണയിൽ കാച്ചിയെടുത്ത് ഉപയോഗിക്കുന്നതു ഫലപ്രദമെന്ന് പഴമക്കാർ പറയുന്നു. നടുവേദനയ്ക്കുള്ള കുഴമ്പുകളിൽ ചേരുവയാണ്. ഇളം ചെടികൾകൊണ്ട് ചിലർ തോരനും ചമ്മന്തിയുമുണ്ടാക്കും.



# 36 വർഷം പൂർത്തിയാക്കി ഐഎൻഎസ് മഗർ; ബൈക്ക് റാലിയുമായി നാവിക സേന

**കൊച്ചി:** ഇന്ത്യയുടെ യുദ്ധക്കപ്പലായ ഐഎൻഎസ് മഗർ 36 വർഷത്തെ സേവനം പൂർത്തിയാക്കുന്നതിന്റെ ആദരസൂചകമായി നാവിക സേന അംഗങ്ങളുടെ നേതൃത്വത്തിൽ കൊച്ചിയിലെ നാവിക ആസ്ഥാനത്ത് നിന്നും പൂനയിലേക്ക് ബൈക്ക് റാലി നടത്തുന്നു.ഐഎൻഎസ് മഗറിലെ 20 നാവിക സേന അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന റാലി ദക്ഷിണ നാവിക ആസ്ഥാനത്തെ ചീഫ് സ്റ്റാഫ് ഓഫിസർ(ട്രെയ്നിംഗ്) റിയർ അഡ്മിറൽ ഉപൽ കുണ്ടു ബൈക്ക് റാലി ഫ് ളാഗ് ഓഫ് ചെയ്തു.

12 ദിവസം കൊണ്ട് മൂവായിരം കീലോമീറ്റർ ദൂരം പിന്നിടുന്ന റാലിയിൽ നാവിക സേനാംഗങ്ങളുടെ കുടുംബാഗങ്ങളായ നാലു വനിതകളും പങ്കെടുക്കുന്നുണ്ട്.കൊച്ചിയിലെ നാവിക ആസ്ഥാനത്ത് നിന്നും പുറപ്പെട്ട് ഇന്ത്യയിലെ പ്രധാന നാവിക ആസ്ഥാനങ്ങളായ ഊട്ടി,മാംഗ്ലൂർ,കർവാർ,ബംഗളുരു,ബൽഗാം എന്നിവടങ്ങളിൽ സന്ദർശനം നടത്തിയാണ് റാലി പൂനയിയൽ എത്തിച്ചേരുന്നത്.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കു ബോധവൽക്കരണവും റാലിയിൽ നടത്തുണ്ട്.



# കൊടുംചൂടിലുണങ്ങി പൈനാപ്പിൾ, കർഷകർ ആശങ്കയിൽ

**കൊച്ചി:** സീസൺ എത്തിയതോടെ വില ഉയർന്നെങ്കിലും കടുത്ത വേനലിൽ പ്രതീക്ഷിച്ച വരുമാനം നേടാനാകില്ലെന്ന ആശങ്കയിൽ പൈനാപ്പിൾ കർഷകർ. പൈനാപ്പിൾ പഴത്തിനും സ്പെഷ്യൽ ഗ്രേഡ് പച്ചയ്ക്കും 50 രൂപയും പച്ചയ്ക്ക് 48 രൂപയുമാണ് ശനിയാഴ്ചത്തെ നിരക്ക്. ഈ വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.

സീസൺ എത്തിയതും ഉത്പാദനത്തിലുണ്ടായ ഇടിവുമാണ് വില ഉയരാൻ കാരണം. വേനൽച്ചൂട് കൂടിയതോടെ കടുത്ത ഉണക്ക് ബാധിച്ചതാണ് ഉത്പാദനം കുറയാൻ കാരണമായത്. ഇതോടെ, വിലവർധനയുടെ ഗുണം കർഷകർക്ക് ലഭിക്കുന്നില്ല. മാത്രമല്ല, ഉണക്ക് തടയാനുള്ള മാർഗങ്ങൾക്കും ജലസേചനത്തിനുമായി അധികം തുകയും ചെലവിടേണ്ടി വരുന്നു. വിപണിയിൽ മികച്ച ആവശ്യകതയുള്ള സമയത്ത് ഉത്പാദനം കുറയുന്നത് തിരിച്ചടിയാകുമോ എന്ന ആശങ്കയിലാണ് കർഷകർ.

ഒരു ചെടിക്ക് ഏകദേശം 810 രൂപയോളം അധികച്ചെലവ് ഇപ്പോഴുണ്ടാകുന്നുണ്ടെന്ന് പൈനാപ്പിൾ ഗ്രോവേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ബേബി ജോൺ പറയുന്നു. ഉണക്കു കാരണം മാർച്ച് മുതൽ മേയ് വരെയുള്ള കാലയളവിൽ ഉത്പാദനത്തിൽ 4050 ശതമാനം കുറവുണ്ടായേക്കുമെന്നും അദ്ദേഹം പറഞ്ഞു.

സാധാരണ വിഷു സീസണിൽ 2,000 ടൺ വരെ പൈനാപ്പിൾ വിൽക്കാറുണ്ട്. എന്നാൽ, ഇത്തവണ 1,0001,200 ടൺ ഉത്പാദനം മാത്രമേ കർഷകർ പ്രതീക്ഷിക്കുന്നുള്ളു.

പൈനാപ്പിൾ കൂടുതലായി പോകുന്നത് ആന്ധ്ര, തെലങ്കാന, മഹാരാഷ്ട്ര, അഹമ്മദാബാദ് എന്നീ സംസ്ഥാനങ്ങളിലാണ്. മൊത്തം ആവശ്യകതയുടെ 50 ശതമാനവും ഈ സംസ്ഥാനങ്ങളിൽ നിന്നാണ്. ഡൽഹി, ജയ്പൂർ, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും മികച്ച ആവശ്യകതയുണ്ട്. കേരളത്തിലും മികച്ച വിൽപ്പന നടക്കുന്നുണ്ട്. എന്നാൽ, ഉത്പാദനം കുറയുന്നത് വിപണി ആവശ്യകത നിറവേറ്റുന്നതിൽ തിരിച്ചടിയുണ്ടാക്കും

# മറ്റത്തൂരിൽ ആഞ്ഞുവീശിയത് ഗസ്റ്റ്നാഡോയോ? 4 വർഷത്തിനിടെ 9 മേഖലകളിൽ മിന്നൽച്ചുഴലി



**തൃശൂർ:** മറ്റത്തൂർ മേഖലയിൽ കഴിഞ്ഞ ദിവസം വീശിയടിച്ച മിന്നൽച്ചുഴലിയുടെ ലക്ഷണങ്ങൾ വിരൽചൂണ്ടുന്നതു ഗസ്റ്റ്നാഡോ ചുഴലിക്കൊടുങ്കാറ്റിലേക്കെന്നു സൂചന. ഏതാനും മാസം മുൻപു പുത്തൂരിൽ ഗസ്റ്റ്നാഡോ കനത്തനാശം വിതച്ചിരുന്നു. അപ്രതീക്ഷിതമായി വീശുകയും ഏതാനും മിനിറ്റുകൾ മാത്രം നീണ്ടുനിൽക്കുകയും ചെയ്യുന്ന ഗസ്റ്റ്നാഡോയാണു മറ്റത്തൂരിലും നാശമുണ്ടാക്കിയതെന്നു കാലാവസ്ഥാ നിരീക്ഷകർ സംശയിക്കുന്നു. 4 വർഷത്തിനിടെ ജില്ലയിൽ 9 മേഖലകളിൽ മിന്നൽച്ചുഴലികളുണ്ടായെങ്കിലും ശാസ്ത്രീയ പരിശോധന നടത്താനോ മുന്നറിയിപ്പു സംവിധാനമൊരുക്കാനോ നടപടിയില്ല.

കഴിഞ്ഞ വർഷം ചേർപ്പ്, പുത്തൂർ മേഖലകളിലാണു മിന്നൽച്ചുഴലി വീശിയത്. അതിശക്തമായ മിന്നലിനോ മഴയ്ക്കോ അകമ്പടിയായി ചുഴലിക്കാറ്റു വീശിയടിക്കുന്നതാണു ഗസ്റ്റ്നാഡോ. പകൽ നല്ല വെയിലും ഇളംകാറ്റുമുള്ള ചൂടേറിയ അന്തരീക്ഷത്തിൽപ്പോലും ഗസ്റ്റ്നാഡോ പ്രാദേശികമായി ആഞ്ഞടിക്കാം. ഏതാനും സെക്കൻഡുകൾ മുതൽ 2 മിനിറ്റ് വരെ മാത്രമാണു ദൈർഘ്യം. കിലോമീറ്ററിൽ 80 മുതൽ 180 കിലോമീറ്റർ വരെ കാറ്റിനു വേഗമുണ്ടാകാം എന്നതിനാൽ നാശനഷ്ടം ഭയാനകമായിരിക്കും. മരങ്ങൾ ഒടിഞ്ഞു പറന്നേക്കാം. വീടുകളുടെ മേൽക്കൂര തകർന്നു തെറിച്ചേക്കാം. ആളപായത്തിനും സാധ്യതയേറെ.

മറ്റത്തൂരിൽ ഏതാനും മിനിറ്റ് കനത്ത കാറ്റുവീശിയടിച്ച ശേഷം മഴപെയ്തതായി പ്രദേശ വാസികൾ പറയുന്നു. മിന്നൽച്ചുഴലി വീശുന്നതു കണ്ടെത്താനോ കൃത്യമായി മുന്നറിയിപ്പു നൽകാനോ സംവിധാനമില്ലാത്തതു ജനങ്ങളുടെ ജീവനു വരെ ഭീഷണി ഉയർത്തുന്നുണ്ട്. ചാലക്കുടി, വരന്തരപ്പിള്ളി, പുത്തൂർ, പീച്ചി തുടങ്ങിയ മലയോര മേഖലകളിലും ചാവക്കാട്, കൊടുങ്ങല്ലൂർ, കയ്പമംഗലം തുടങ്ങിയ തീരമേഖലകളിലും മിന്നൽച്ചുഴലി തിരിച്ചറിയാൻ ഓട്ടമറ്റിക് സെൻസർ സംവിധാനം സ്ഥാപിക്കാൻ ചർച്ചകൾ നടന്നെങ്കിലും പുരോഗതിയുണ്ടായില്ല. കാറ്റിന്റെ വേഗവും ദിശയും കൂമ്പാര മേഘങ്ങളുടെ സാന്നിധ്യവും നിരീക്ഷിക്കാൻ ശേഷിയുള്ളവയാണ് സെൻസറുകൾ.

ഗസ്റ്റ്നാഡോ അടക്കം മിന്നൽച്ചുഴലികൾ വീശുന്നത് അപ്രതീക്ഷിതമായിട്ടായതിനാൽ ഡോപ്ലർ വെതർ റഡാർ സ്ഥാപിച്ചാലേ കൃത്യമായി മുന്നറിയിപ്പു നൽകാൻ കഴിയൂവെന്നു കാലാവസ്ഥാ നിരീക്ഷകർ പറയുന്നു. എന്നാൽ, സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട കാര്യമായതിനാൽ ഇക്കാര്യത്തിൽ ചർച്ചകളൊന്നും നടക്കുന്നില്ല. കാലാവസ്ഥാമാറ്റവുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രതിഭാസമാണോ ജില്ലയിൽ ഇടയ്ക്കിടെ ചുഴലിക്കൊടുങ്കാറ്റുകൾ ഉണ്ടാകുന്നതിനു കാരണമെന്നു പഠിക്കാൻ പോലും കൃത്യമായ ശ്രമങ്ങൾ നടക്കുന്നില്ല



# മാമ്പഴം കവിത പിറന്ന സ്കൂൾ മുറ്റത്ത് കവിക്ക് സ്മാരകം

**കൊച്ചി:** വാത്സല്യത്തിന്റേയും മാതൃത്വത്തിന്റയും തീവ്രാനുഭവ സാക്ഷാത്ക്കാരമായി മലയാളി മനസിൽ എക്കാലവും നിറഞ്ഞു നിൽക്കുന്ന കവിതയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ രചിച്ച മാമ്പഴം. അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കേ അമ്മതൻ നേത്രത്തിൽ നിന്നുതിർന്നൂ ചുടുകണ്ണീർ എന്നു തുടങ്ങുന്ന വരി ഏറ്റുചൊല്ലാത്ത മലയാളി ഉണ്ടാവില്ല. മാമ്പൂവിന്റെ മണവും പേറിയേത്തുന്ന വൃശ്ചികക്കാറ്റ് മലയാളിയുടെ മനസ്സിൽ എന്നും കുടഞ്ഞിടുന്ന തീവ്ര സങ്കടത്തിന്റെ വരികൾ പിറന്നു വീണത് മുളന്തുരുത്തിയുടെ മണ്ണിലാണ്. ഈ മണ്ണിൽ കവിക്കായി സ്മാരകം ഒരുക്കിയിരിക്കുകയാണ് എറണാകുളം ജില്ലാ പഞ്ചായത്ത്. എറണാകുളം ജില്ലാ പഞ്ചായത്ത് 202223 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിയുലുൾപ്പെടുത്തിയാണ് മുളന്തുരുത്തി ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിൽ വൈലോപ്പള്ളി സ്മാരകം നിർമ്മിച്ചിരിക്കുന്നത്. അഞ്ചു ലക്ഷം രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വൈലോപ്പിള്ളി സ്മാരക സമർപ്പണം ഇന്ന് രാവിലെ 11 ന് നടക്കും. സ്കൂൾ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് സ്മാരകം നാടിന് സമർപ്പിക്കും. വൈലോപ്പിളളിയുടെ അനുഭവ സാക്ഷ്യങ്ങൾ മുൻനിർത്തി ഉചിതമായ ഒരു സ്മാരകം ഒരുക്കുകയാണ് ജില്ലാ പഞ്ചായത്തെന്ന് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. സ്ക്കൂൾ അധ്യയനത്തിനു തടസം വരാത്ത രീതിയിൽ സാംസ്ക്കാരിക സദസ്, വിജ്ഞാന സദസ്, വൈലോപ്പിള്ളി രചനകളുടെ റഫറ9സ് ലൈബ്രറി എന്നിവയും ഭാവിയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണെന്നും ഉല്ലാസ് തോമസ് പറഞ്ഞു. മലയാളത്തിലെ ഏറ്റവും ജനകീയവും കാവ്യ ഗുണ സമ്പന്നവുമായ കവിത പിറന്ന ഈ ഇടത്തിൽ എഴുത്തുകാർക്കും സാംസ്കാരിക പ്രവർത്തകർക്കും ഒത്തു കൂടാൻ ഒരു ഇടമൊരുക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരിക്കെ 1936 ലാണ് മാമ്പഴം കവിത വൈലോപ്പിള്ളി രചിച്ചത്.



# വേനലവധി ആഘോഷമാക്കാൻ 'ഡിസ്കവർ 2023'യുമായി കൊച്ചി മെട്രോ

- മെട്രോ സ്റ്റേഷനുകളിൽ കുട്ടികൾക്കായി സമ്മർ ക്യാംപ്
- ഒരു മാസത്തെ ക്യാംപ് ഫീ 500 രൂപ

**കൊച്ചി:** ഫ് ളാറ്റുകളിലും വീടുകളിലും ബോറടിച്ചിരുന്ന് ഈ വേനലവധിക്കാലം കുട്ടികൾ തള്ളി നീക്കേണ്ട. കൊച്ചി മെട്രോ കുട്ടികൾക്കായി സമ്മർ ക്യാംപ് 'ഡിസ്കവർ 2023' സംഘടിപ്പിക്കുന്നു. ഒരു മാസം നീണ്ട് നിൽക്കുന്ന സമ്മർ ക്യാംപ് ഏപ്രിൽ 10ന് ആരംഭിക്കും. പാട്ട്, നൃത്തം, ചിത്രരചന, റോബോട്ടിക്സ്, കോഡിംഗ്, യോഗ, കളരി തുടങ്ങി കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിൽ ഊന്നൽ നൽകി വിവിധ മേഖലകളിൽ പരിശീലനം നൽകും. മെട്രോയുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനായുള്ള അവസരവും ക്യാംപിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കും. പൊതുഗതാഗം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്ക് മനസ്സിലാക്കുന്നതിനായുള്ള സെഷനുകളും ക്യാംപിലുണ്ട്. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗത്ഭ വ്യക്തികളുമായി സംസാരിക്കുന്നതിനും കൊച്ചി മെട്രോ ഡിസ്കവർ 2023 അവസരമൊരുക്കും. രാവിലെ 10 മുതൽ ഉച്ച്ക്ക് 12 വരെയാണ് ക്യാംപ്. ഒരു മാസത്തെ ക്യാംപിനുള്ള ഫീസ് അഞ്ഞൂറ് രൂപ മാത്രമാണ്. കൊച്ചി മെട്രോ സിൻറോ റോബോട്ടിക്സുമായി ചേർന്ന് സംഘടിപ്പിക്കുന്ന ക്യാംപ് ഒരേ സമയം ആറ് മെട്രോ സ്റ്റേഷനുകളിൽ നടത്താനാണ് പദ്ധതിയിടുന്നത്. ആലുവ, ചങ്ങമ്പുഴ പാർക്ക് സ്റ്റേഷൻ, ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷൻ, മഹാരാജാസ്, വൈറ്റില, വടക്കേക്കോട്ട മെട്രോ സ്റ്റേഷനുകളിലാണ് ക്യാംപ് നടക്കുക. 5 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ളവർക്ക് ക്യാംപിൽ പങ്കെടുക്കാം. ഏപ്രിൽ 10 മുതൽ മെയ് 10 വരെ തിങ്കൾ മുതൽ വെള്ളി വരെയാണ് ക്യാംപ്. കഴിഞ്ഞ വർഷം കൊച്ചി മെട്രോ നടത്തിയ കുട്ടികളുടെ സമ്മർ ക്യാംപിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇതിൽ നിന്ന് പ്രചോദനമുൾക്കൊണ്ടും യാത്രക്കാരുടെയും പൊതുജനങ്ങളുടെയും നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ് ഇക്കൊല്ലവും കൊച്ചി മെട്രോ സമ്മർ ക്യാംപ് സംഘടിപ്പിക്കുന്നത്. ആസ്റ്റർ മെഡിസിറ്റിയുടെ സഹകരണത്തോടെയാണ് ക്യാംപ്. രജിസ്റ്റർ ചെയ്യുന്നതിനായി 7593833664 എന്ന നമ്പറിൽ ബന്ധപ്പെടാം.

KOCHI METRO RAIL LIMITED

# മാലിന്യ സംസ്കരണത്തിനുള്ള കർമ്മ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം

**കൊച്ചി:** മാലിന്യസംസ്കരണത്തിന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച കർമ്മപദ്ധതി പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്ക ണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്. ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തെ മുൻനിർത്തി രണ്ട് മാസം നീണ്ടുനിൽ ക്കുന്ന കർമ്മ പദ്ധതിയാണ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ നടപ്പാക്കുന്നത്. ജനപ്രതിനിധികൾ ബോധവൽക്കരണം നടത്തി ജന പങ്കാളിത്തോടെ വേണം പദ്ധതി നടപ്പിലാക്കാനെന്നും ഹരിതകർമസേന കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം സാധ്യമാക്കണം. ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാവിധ പിന്തുണയും നൽകും. ജില്ലയുടെ മാലിന്യ സംസ്കരണം വിലയിരുത്താൻ കോടതി പ്രത്യേക അമിക്കസ്ക്യൂറിയെ നിയോഗിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ എറണാകുളത്തെ ഒരു മോഡൽ ജില്ലയാക്കി മാറ്റണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ഏത് പദ്ധതിയും ഏറ്റെടുത്തു നടപ്പിലാക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി. ജില്ലയുടെ പദ്ധതി പുരോഗതി അദ്ദേഹം അവതരിപ്പിച്ചു. ജില്ലയിലെ 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നൽകി.ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ആസൂത്രണ സമിതി അംഗങ്ങളായ അഡ്വ. കെ. തുളസി, അനിത ടീച്ചർ, ശാരദ മോഹൻ, ഷൈമി വർഗീസ്, എ.എസ്. അനിൽകുമാർ, മനോജ് മൂത്തേടൻ, സനിതാ റഹിം, റീത്ത പോൾ, ജമാൽ മണക്കാടൻ, ബെനഡിക്ട് ഫെർണാണ്ടസ്, പി.കെ ചന്ദ്രശേഖരൻ, മാത്യൂസ് വർക്കി, ടി.പി. പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു.

## സിവിൽ സർവീസ് : അവധിക്കാല കോഴ്സ്

**കൊച്ചി:** കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ മുവാറ്റുപുഴ ഉപകേന്ദ്രത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കുവേി നടത്തുന്ന ടാലന്റ് ഡെ വലപ്പ്മെന്റ് കോഴ്സിലേക്കും, ഹയർ സെക്കറി വിദ്യാർഥികൾക്കുവേി നടത്തുന്ന സിവിൽ സർവീസ് ഫൗഷേൻ കോഴ്സിലേക്കും പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു മാസം ദൈർഘ്യമുള്ള അവധിക്കാല ക്ലാസുകൾ ഏപ്രിൽ 12ന് ആരംഭിക്കും.അപേക്ഷകൾ വേുേ:// സരൈമെ.്യൃഴ എന്ന വെബ്സൈറ്റിൽ മാർച്ച് 27 മുതൽ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി ഏപ്രിൽ 11. ഫീ 1000 രൂപയും 18% ടാക്സും ആണ്. ഫീ ഓൺലൈനായി അടയ്കക്കാം. വിശദവിവരങ്ങൾക്ക്: 8281098873

## യോഗ പരിശീലനം

**കൊച്ചി:** 2023 ഏപ്രിൽ 1 മുതൽ തൃപ്പൂണിത്തുറ, ഗവ ആയുർവേദ കോളേജിന്റെ പുതിയകാവിലുള്ള ആശുപത്രിയിൽ ഒരു മാസത്തെ യോഗ പരിശീലനം സംഘടിപ്പിക്കുന്നു. പ്രമേഹം, അമിതവണ്ണം, അമിത കൊളസ്ട്രോൾ എന്നീ ബുദ്ധിമുട്ടുകൾ ഉള്ളവർക്കും ആരോഗ്യസംരക്ഷണത്തിനായി യോഗ പഠിക്കണം എന്നാഗ്രഹം ഉള്ളവർക്കും ഇതിൽ പങ്കെടുക്കാം. ഒരു മാസത്തേയ്ക്ക് 300 രൂപയാണ് ഫീസ്. ആശുപത്രി ഓഫീസുമായി ബന്ധപ്പെടുക. താൽപ്പര്യമുള്ളവർ ബന്ധപ്പെടേ നമ്പർ : 9447104383, : 9495041599

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബറിൽ വാട്ടർ കിയോസ്ക്/ കുടിവെള്ള വിതരണം യൂണിറ്റ് നിർമ്മിച്ചതിന്റെ വെൻഡിംഗ് മെഷീൻ കേടായത് നിരന്തര ഉപയോഗം മൂലവും, കാലപ്പഴക്കത്താലും പ്രവർത്തനരഹിതമായിരിക്കുന്നു. നിശ്ചിത സ്ഥലത്തുനിന്നും മാറ്റി ഗുണനിലവാരമുള്ള ഒരു പുതിയ വെന്റിംഗ് മെഷിൻ ഘടിപ്പിച്ച് പ്രവർത്തിപ്പിച്ചു നൽകുന്നതിന് തൽപ്പരരായ വ്യക്തി കൾ/സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ളതും സീൽ ചെയ്തതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചു.വിശദവിവരങ്ങൾക്ക് ഫോൺ: 0484 2397371

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ രോഗനിദാന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. യോഗ്യത: ആയുർവേദത്തിലെ രോഗനിദാന വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ്സ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. പ്രവൃത്തി പരിചയം അഭിലഷണീയം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ മൂന്നിന് രാവിലെ 11 ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പൽ മുൻപാകെ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

# ബേക്കേഴ്സ് അസോസിയേഷൻ കേരളയും കാർഗിലും ധാരണാ പത്രം ഒപ്പിട്ടു




**കൊച്ചി:** നൂതനവും ആരോഗ്യപ്രദവുമായ ഭക്ഷ്യ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി ഭക്ഷ്യ ഉത്പാദന രംഗത്തെ പ്രമുഖരായ കാർഗിലും ബേക്കേഴ്സ് അസോസിയേഷൻ കേരളയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഈ പങ്കാളിത്തത്തിലൂടെ ഭക്ഷ്യ ചേരുവകൾ, സാങ്കേതികവിദ്യ, നവീകരണം എന്നിവയിൽ കാർഗിലിനുള്ള ആഗോള വൈദഗ്ധ്യം കേരളത്തിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും സംസ്ഥാനത്തെ ബേക്കറി വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കുകയും ചെയ്യുമെന്ന് കാർഗിലിന്റെ ദക്ഷിണേഷ്യയിലെ ഫുഡ് ഇൻഗ്രീഡിയന്റ്സ് ബിസിനസ് മാനേജിംഗ് ഡയറക്ടർ സൈമൺ ജോർജ് ബേക്ക് പ്രസിഡന്റ് വിശ്വനാഥ് എന്നിവർ പറഞ്ഞു.ബേക്ക് പ്രസിഡന്റ് വിജേഷ് വിശ്വനാഥിന്റെയും കാർഗിലിന്റെ ദക്ഷിണേഷ്യയിലെ ഫുഡ് ഇൻഗ്രീഡിയന്റ്സ് ബിസിനസ് മാനേജിംഗ് ഡയറക്ടർ സൈമൺ ജോർജിന്റെയും സാന്നിധ്യത്തിൽ ഗുഡ്ഗാവിലെ കാർഗിൽ ഇന്നൊവേഷൻ സെന്ററിൽവച്ചാണ് ധാരണാപത്രം ഒപ്പുവച്ചത്. കേരളത്തിലെ ബേക്കർമാരുടെ അറിവും വൈദഗ്ധ്യവും വർധിപ്പിക്കുന്നതിനായി കാർഗിൽ ശിൽപശാലകളും സെമിനാറുകളും നടത്തും. ഇതിലൂടെ മികച്ച ബേക്കറി ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ ബേക്കർമാരെ പ്രാപ്തരാക്കും. കേരളത്തിൽ ലഭ്യമായ ബേക്കറി ഉൽപന്നങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുന്ന പുതിയ വൈദഗ്ധ്യങ്ങളും സാങ്കേതിക വിദ്യകളും ബേക്കർമാരെ പഠിക്കാൻ 'ട്രെയിൻ ദി ട്രെയിനർ' പ്രോഗ്രാമുകളും കാർഗിൽ നടത്തും.കാർഗിലും ബേക്കും ഗവേഷണത്തിലും ഇന്നൊവേഷനിലും ഒരുമിക്കുന്നത് കേരളത്തിലെ ചെറുകിട, ഇടത്തരം ബേക്കറികളെ വലിയ രീതിയിൽ സഹായിക്കും. കാർഗിൽ അതിന്റെ ആഗോള പ്രവണതകൾ, സ്ഥിതിവിവരക്കണക്കുകൾ, പ്രാദേശിക സാങ്കേതിക വൈദഗ്ധ്യം എന്നിവ ഉപയോഗിച്ച് ഉൽപ്പന്ന നവീകരണം, ആരോഗ്യം, പുതുമ എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കും. ഈ കൂട്ടുകെട്ട് ഭാവിയിൽ ഒരുമിച്ച് മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാനുള്ള വലിയ സാധ്യതകൾ തുറക്കുന്നുവെന്ന് കാർഗിലിന്റെ ദക്ഷിണേഷ്യയിലെ ഫുഡ് ഇൻഗ്രീഡിയന്റ്സ് ബിസിനസ് മാനേജിംഗ് ഡയറക്ടർ സൈമൺ ജോർജ് പറഞ്ഞു. ബേക്കറി വിഭാഗത്തിന് ശക്തമായ വളർച്ചാ നിരക്ക് പ്രതീക്ഷിക്കുന്നതിനാൽ കാർഗിലുമായുള്ള ഈ സഹകരണം അനന്തമായ അവസരങ്ങൾ നൽകുമെന്ന് ബേക്ക് പ്രസിഡന്റ് വിശ്വനാഥ് പറഞ്ഞു.

# രക്തധമനിയിൽ വീക്കം; എൻഡോവാസ്കുലർ ചികിൽസയിലൂടെ 51 വയസുകാരൻ പുതു ജീവിതത്തിലേക്ക്

**തിരുവനന്തപുരം:** അന്യൂറിസം ബാധിച്ച് ഗുരുതരാവസ്ഥയിലെത്തിയ 51 വയസ്സുകാരന്റെ തലച്ചോറിലെ രക്തധമനിക്കുള്ളിൽ അതിനൂതന വെബ് സ്ഥാപിച്ച് കിംസ്ഹെൽത്തിലെ വിദഗ്ദ്ധ മെഡിക്കൽ സംഘം. തുടർച്ചയായി കടുത്ത തലവേദനയും ഓക്കാനവും അനുഭവപ്പെട്ടതിനെത്തുടർന്ന് നടത്തിയ ബ്രെയിൻ ഇമേജിങ്ങിലാണ് അന്യൂറിസം കണ്ടെത്തുന്നത്. തലച്ചോറിലെ രക്തധമനികളിൽ അസാധാരണമാംവിധം വീക്കമുണ്ടാകുന്ന അവസ്ഥയാണിത്. കുറച്ച് മാസങ്ങൾക്ക് മുമ്പായി രോഗിയുടെ തലയ്ക്കേറ്റ പരുക്ക് സ്ഥിഗതികൾ കൂടുതൽ വഷളാക്കുകയായിരുന്നു. പരിശോധനയിൽ അന്യൂറിസം പൊട്ടാറായ നിലയിലാണെന്ന് കണ്ടെത്തി അടിയന്തര ചികിത്സയ്ക്ക് നിർദ്ദേശിക്കുകയുമായിരുന്നു. ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ്, ഡോ. സന്തോഷ് ജോസഫിന്റെ നേതൃത്വത്തിൽ നടന്ന വിദഗ്ദ്ധ എൻഡോവാസ്കുലർ ഇന്റർവെൻഷനിലൂടെയാണ് സങ്കീർണ്ണമായ ശസ്ത്രക്രിയ ഒഴിവാക്കി രോഗം ഭേദമാക്കാൻ സാധിച്ചത്. സ്വയംവികസിക്കുന്ന മെഷ് ബോൾ ഇംപ്ലാന്റ് അടങ്ങിയ ഇൻട്രാസാക്കുലർ ഫ്ലോ ഡൈവേർട്ടർ (WEB) തലച്ചോറിൽ അന്യൂറിസം ബാധിച്ച രക്തധമനിക്കുള്ളിൽ സ്ഥാപിക്കുന്നതാണ് ഈ ചികിത്സാരീതി. അരയ്ക്ക് താഴ്ഭാഗത്തായി ഗ്രോയിനിൽ ചെറിയ മുറിവുണ്ടാക്കി സിരയിലൂടെ രക്തധമനിയിലേക്ക് വെബ് സിസ്റ്റം കടത്തിവിടുന്നു, അതുവഴി അന്യൂറിസത്തിലേക്കുള്ള രക്തപ്രവാവം തടസ്സപ്പെടുകയും പേരന്റ് വെസ്സലിനുള്ളിൽ തന്നെ രക്തയോട്ടം നിലനിർത്തുകയും ചെയ്യുന്നു.ഇത്തരം അതിനൂതന എൻഡോവാസ്കുലർ ഇടപെടലുകളിലൂടെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ഒഴിവാക്കുന്നതിൽ സഹായകരമാണെന്നും, പ്രൊസീജിയറിന് ശേഷം രോഗിക്ക് എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ സാധിക്കുമെന്നും ഡോ. സന്തോഷ് ജോസഫ് പറഞ്ഞു. ഉയർന്ന വൈദഗ്ധ്യം ആവശ്യമുള്ള ഈ ചികിത്സാരീതി മുൻപ് വികസിത രാജ്യങ്ങളിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ, ഈയടുത്താണ് ഇന്ത്യയിൽ ഉപയോഗിച്ച് തുടങ്ങിയത്. ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി ഇമേജിംഗ് ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. മനീഷ് കുമാർ യാദവ്, ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം കൺസൽട്ടൻറ് ഡോ. ദിനേശ് ബാബു, അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ. ശാലിനി വർമ്മ എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി.

## കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) കോഴ്സിന് അപേക്ഷിക്കാം

കൊച്ചി:സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 202325 ബാച്ചിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, കെമാറ്റ്/സിമാറ്റ്, ക്യാറ്റ് (ഗങഅഠ/ഇങഅഠ,ഇഅഠ ) യോഗ്യതയും ഉള്ളവർക്കും അവസാന വർഷ വിദ്യാർത്ഥികൾക്കും ooo.സശേലൈറൗ.ീൃഴ വഴി അപേക്ഷിക്കാം. കേരള സർവ്വകലാശാലയുടേയും, എ.ഐ.സി.റ്റി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ, ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് നൽകുന്നു. എസ്.സി/എസ്.ടി 100 ശതമാനം വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31. കൂടുതൽ വിവരങ്ങൾക്ക് ooo.സശേലൈറൗ.ീൃഴ. 9446529467/ 9847273135/ 04712327707 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം. .

# മാലിന്യ സംസ്കരണം: ഭാഗ്യചിഹ്നവും ടാഗ് ലൈനും കണ്ടെത്താൻ മൽസരം

**കൊച്ചി:** കൊച്ചി നഗരസഭയുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ആകർഷകമായ മാസ്കറ്റും (ഭാഗ്യ ചിഹ്നം) ടാഗ് ലൈനും കണ്ടെത്താൻ മൽസരം സംഘടിപ്പിക്കുന്നു. മികച്ച മാസ്കറ്റും ടാഗ് ലൈനും രൂപകൽപ്പന ചെയ്യുന്നവർക്ക് സമ്മാനമായി 10,000/ രൂപയുടെ ക്യാഷ് പ്രൈസ് ലഭിക്കും. ഗ്രീൻ കൊച്ചി മിഷനുമായി ചേർന്നാണ് നഗരസഭ മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. പ്രായഭേദമന്യേ ഏവർക്കും പങ്കെടുക്കാവുന്ന മത്സരത്തിൽ 10 പേർക്ക് 500/ രൂപ വീതം പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കും. രൂപകൽപ്പന ചെയ്ത ചിഹ്നവും ടാഗ് ലൈനും ടാഗ് ലൈൻ മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കാവുന്നതാണ്. 2023 ഏപ്രിൽ 15നകം kochimascotcompetition@gmail.com എന്ന ഇമെയിൽ ഐഡിയിലേയ്ക്ക് പേരും, ഫോൺ നമ്പരും സഹിതം മെയിൽ ചെയ്യേണ്ടതാണ്.

# കൊച്ചി ബിനാലെ

# തിങ്കളാഴ്ചകളിൽ പ്രവേശനം സൗജന്യം; സന്ദർശകരുടെ എണ്ണത്തിൽ റെക്കോർഡ്

**കൊച്ചി:** സന്ദർശകരുടെ എണ്ണത്തിൽ റെക്കോർഡ് കുതിപ്പ് കണ്ട കൊച്ചി മുസിരിസ് ബിനാലെയുടെ അഞ്ചാം പതിപ്പ് അന്തിമ ഘട്ടത്തിലേക്ക്. അവശേഷിക്കുന്ന തിങ്കളാഴ്ചകളിൽ പ്രവേശനം സൗജന്യമാക്കി.ഈ മാസം മൂന്നുമുതൽ 'സ്പെക്കേഴ്സ് ആൻഡ് ദി സീ' സമാന്തര മുസിരിസ് പൈതൃക പുരാവസ്തു പ്രദർശനം ഫോർട്ടുകൊച്ചി അസോറ ഹോട്ടൽ, കാശി ആർട്ട് കഫെ എന്നിവിടങ്ങളിൽ ആരംഭിച്ചതോടെ മൊത്തം വേദികളുടെ എണ്ണം 16 ആയി ഉയർന്ന ബിനാലെ ഇതിനകം എട്ടരലക്ഷത്തോളം ആളുകൾ സന്ദർശിച്ചു കഴിഞ്ഞു. കഴിഞ്ഞ പതിപ്പിൽ ആറുലക്ഷം ആളുകളാണ് ലോക സമകാലീന കലാമേളയ്ക്കെത്തിയത്. പരീക്ഷാക്കാലത്തും ബിനാലെയിൽ ജനത്തിരക്കിനു കുറവുണ്ടായില്ല. ബിനാലെയിലെ കലാവിഷ്കാര പ്രദർശനങ്ങൾക്കു പുറമെ വിവിധ വേദികളിൽ നടക്കുന്ന സംഗീതവും സിനിമയും നാടകവുമുൾപ്പെടെ കലാപരിപാടികളും ചർച്ചകളും സംവാദങ്ങളും സംഭാഷണങ്ങളും ചരിത്ര പൈതൃക സമ്മേളനങ്ങളും യാത്രകളും ക്യാമ്പുകളും ആർട്ട്റൂം ശിൽപശാലകളും മികച്ച നിലയ്ക്ക് ജനശ്രദ്ധ ആകർഷിക്കുന്നു.ഡിസംബർ 23നു ആരംഭിച്ച ബിനാലെ ഏപ്രിൽ പത്തിനാണ് സമാപിക്കുന്നത്. പ്രവേശനം രാവിലെ പത്തുമുതൽ ഏഴുവരെ. സാധാരണ ടിക്കറ്റ് നിരക്ക് 150 ഉം മുതിർന്ന പൗരന്മാർക്ക് 100 ഉം വിദ്യാർത്ഥികൾക്ക് 50 ഉം രൂപയാണ് ടിക്കറ്റ് നിരക്ക്.

## ഡ്രൈവർ ഗ്രേഡ് 2 (എച്ച്ഡിവി) പ്രായോഗിക പരീക്ഷ 31ന്

കൊച്ചി: വിവിധ വകുപ്പുകളിലെ ഡ്രൈവർ ഗ്രേഡ് 2 (എച്ച്ഡിവി)/ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എച്ച്ഡിവി) (കാറ്റഗറി നമ്പർ 017/21, 018/21) തസ്തികയുടെ പ്രായോഗിക പരീക്ഷ മാർച്ച് 31 ന് തൃപ്പൂണിത്തുറ ഗവ ബോയിസ് വിഎച്ച്എസ്എസ് ഗ്രൗണ്ടിൽ നടത്തും. പ്രായോഗിക പരീക്ഷ സംബന്ധിച്ച് ഉദ്യോഗാർഥികൾക്ക് വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈൽ വഴിയും, എസ്.എം.എസ് മുഖേനയും പ്രത്യേകം അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ പ്രൊഫൈൽ മെസേജ് പരിശോധിച്ച് പരീക്ഷാ കേന്ദ്രത്തിൽ അവരവർക്ക് അനുവദിച്ചുട്ടുള്ള തീയതിയിൽ രാവിലെ ആറിന് അഡ്മിഷൻ ടിക്കറ്റ്, ഡ്രൈവിങ് ലൈസൻസ്, ഡ്രൈവിങ് പർട്ടിക്കുലേഴ്സ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാകണം.

# ക്യൂലെഡ് ടിവികളും വാട്ടർ പ്യൂരിഫയറുകളും വിപണിയിലവതരിപ്പിച്ച് ക്രോമ

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിൽ നിന്നുള്ള ഇന്ത്യയിലെ ആദ്യ ഓമ്നി ചാനൽ ഇലക്ട്രോണിക് റീട്ടെയിലറായ ക്രോമ നവീനമായ ക്യൂലെഡ് ടിവികളും വാട്ടർ പ്യൂരിഫയറുകളും വിപണിയിൽ അവതരിപ്പിച്ചു. അതുല്യമായ കാഴ്ച അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന അത്യാധിനീക സാങ്കേതികവിദ്യയാണ് ക്രോമ ക്യൂലെഡ് ടിവിയിൽ ഉള്ളതെന്ന് ക്രോമ ഇൻഫിനിറ്റി റീട്ടെയിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ അവിജിത്ത് മിത്ര പറഞ്ഞു. മികച്ച ചിത്ര നിലവാരം, മികച്ച നിറങ്ങളും ശബ്ദവും, 3 എച്ച്ഡിഎംഐ പോർട്ടുകളും 2 യുഎസ്ബി പോർട്ടുകളും ഉൾപ്പെടെയുള്ള കണക്ടിവിറ്റി സൗകര്യം തുടങ്ങിയവ ആഗ്രഹിക്കുന്ന ഏവർക്കും ഏറ്റവും മികച്ച തെരഞ്ഞെടുപ്പായിരിക്കും ക്രോമ ക്യൂലെഡ് ടെലിവിഷനുകൾ. ബ്ലൂടൂത്ത് 5.0, ഡ്യൂവൽ ബാൻഡ് വൈഫൈ, ഒപ്റ്റിക്കൽ ഓഡിയോ ഔട്ട്പുട്ട്, 2 ജിബി റാം, 16 ജിബി റോം, 1.9 ഗിഗാഹെർട്ട്സ് ക്വാഡ് കോർ പ്രോസസ്സർ, ഗൂഗിൾ ഓപറേറ്റിങ് സിസ്റ്റം, ഒരു വർഷ വാറണ്ടി എന്നിവയെല്ലാം ഇതിലുണ്ട്. ഗൂഗിൾ പ്ലേ സ്റ്റോർ വഴി ആപ്പുകൾക്കുള്ള പിന്തുണയും ലഭ്യമാണ്. ക്രോമ ക്യൂലെഡ് ടിവി 55 ഇഞ്ച്, 65 ഇഞ്ച് എന്നിങ്ങനെ ലഭ്യമാണ്. 59,990 രൂപയിലാണ് വില തുടങ്ങുന്നതെന്നും അദ്ദേഹം പറഞ്ഞു.ഏറ്റവും മികച്ച ജല ശുദ്ധീകരണ സംവിധാനം വഴി ശുദ്ധവും ശുചികരവുമായ കുടിവെള്ളമാണ് ക്രോമ വാട്ടർ പ്യൂരിഫയർ  ലഭ്യമാക്കുന്നത്.തുടർച്ചയായി വെള്ളം നൽകുന്നതിനായി കൂടുതൽ ശേഖരണ, ഫിൽട്രേഷൻ ശേഷിയാണ് ക്രോമ വാട്ടർ പ്യൂരിഫയറിനു നൽകിയിരിക്കുന്നത്. ബാക്ടീരിയകൾ, ലോഹ മാലിന്യങ്ങൾ, അണുക്കൾ തുടങ്ങിയവയെ മാറ്റുക മാത്രമല്ല വിഷാംശങ്ങളേയും മറ്റ് അപകടകാരികളായ രാസവസ്തുക്കളേയും മാറ്റി വെള്ളം കുടിക്കാൻ യോഗ്യമാക്കി മാറ്റുമെന്നും അവിജിത്ത് മിത്ര പറഞ്ഞു.




ആധുനീക കോപ്പർ പ്ലസ് പോസ്റ്റ് കാർബൺ ഫിൽറ്റർ, മാനുവൽ ടിഡിഎസ് കൺട്രോളർ എന്നിവ ഇതിലുള്ളതിനാൽ വെള്ളത്തിൽ കോപ്പറിൻറെ നേട്ടവും ലഭിക്കുന്നു. ഇതു വെള്ളത്തെ കൂടുതൽ രുചികരമാക്കുന്നു. ഇതിന് 9 ലിറ്റർ വെള്ള ശേഖരണ സൗകര്യവും സ്മാർട്ട് എൽഇഡി ഇൻഡിക്കേറ്ററുകളുമാണുള്ളത്.  ശുദ്ധീകരണ സാങ്കേതികവിദ്യയുടെ ആറു ഘട്ടങ്ങൾ വരെയാണ് ഈ വാട്ടർ പ്യൂരിഫയറിനുള്ളത്.  അൾട്രാഫൈൻ സെഡിമെൻറ് ഫിൽറ്റർ, അണുക്കളെ ഒഴിവാക്കുന്ന യുവി സാങ്കേതികവിദ്യ എന്നിവ പോലുള്ള സൗകര്യങ്ങൾക്കുപുറമേയാണിതെന്നും അദ്ദേഹം പറഞ്ഞു. 11,990 രൂപ മുതലാണ് വാട്ടർ പ്യൂരിഫയർ വില.ക്രോമ ക്യൂലെഡ് ടിവികളും വാട്ടർ പ്യൂരിഫയറുകളുംംംം.ര്യീാമ.രീ, ക്രോമ സ്റ്റോറുകൾ, ടാറ്റാ നിയു എന്നിവിടങ്ങളിൽ ലഭ്യമാണ്.

# സൈബർപാർക്കിലെ ഓഫീസ് വിപുലീകരിച്ച് എഡമ്പസ്



**കോഴിക്കോട്:** സർക്കാർ സൈബർപാർക്കിലെ ഓഫീസ് സൗകര്യങ്ങൾ വിപുലീകരിച്ച് എഡമ്പസ്. സഹ്യ ബിൽഡിങ്ങിൽ ആരംഭിച്ച പുതിയ ഓഫീസിന്റെ ഉദ്ഘാടനം ദേശീയ അധ്യാപക അവാർഡ് ജേതാവ് ബാലചന്ദ്രൻ പാറച്ചോട്ടിലും റിപ്പോർട്ടർ ചാനൽ പ്രസിഡന്റ് അനിൽ അയിരൂരും ചേർന്ന് നിർവഹിച്ചു. കമ്പനി ഡയറക്ടർമാരായ ആർ.കെ അജേഷ്, ബേസിൽ അലി, സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ, കാഫിറ്റ് പ്രസിഡന്റ് അബ്ദുൾ ഗഫൂർ കെ.വി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.കമ്പനി ഡയറക്ടർമാരായ ആർ.കെ അജേഷ്, ബേസിൽ അലി എന്നിവർ യൂണിവേഴ്സിറ്റി പഠനകാലം മുതൽ കമ്പനനിയുടെ സി.ഇ.ഒ, സി.ഒ.ഒ എന്നീനിലകളിലേക്കുള്ള ജൈത്രയാത്രയെപ്പറ്റി വിവരിച്ചു. കമ്പനിയുടെ രണ്ട് പുതിയ സംരംഭങ്ങളുടെ ഉദ്ഘാടനവും ചടങ്ങിൽ വെച്ച് നിർവഹിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, വ്യവസായികൾ എന്നിവർക്കിടയിൽ ബഹുമുഖ ആശയവിനിമയ ചാനൽ സേവനങ്ങൾ നൽകുന്ന സോഷ്യൽ പ്ലാറ്റ്ഫോമാണ് എഡമ്പസ്.

# പുതിയ  ആക്ടിവ 125 പുറത്തിറക്കി ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പുതിയ ഒബിഡി 2  മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 ആക്ടിവ125 പുറത്തിറക്കി. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവറുമായി (ഇഎസ്പി) ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ 125സിസി പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ ആക്ടിവയ്ക്കുള്ളതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പ്രസിഡൻറും സിഇഒയും മാനേജിങ് ഡയറക്ടറുമായ അത്സുഷി ഒഗാറ്റ പറഞ്ഞു.പുതിയ ടയർ കോമ്പൗണ്ട് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രത്യേകം വികസിപ്പിച്ചെടുത്ത ഇന്ധനക്ഷമതയുള്ള ടയറുകളുമായാണ് പുതിയ ആക്ടിവ125 വരുന്നത്. എഞ്ചിൻ ഇൻഹിബിറ്റർ സൈഡ് സ്റ്റാൻഡിലായിരിക്കുമ്പോൾ വാഹനം ഓൺ ആകുന്നത് തടയും. ടോട്ടൽ ട്രിപ്പ്, ക്ലോക്ക്, ഇസിഒ ഇൻഡിക്കേറ്റർ, സർവീസ് ഡ്യൂ ഇൻഡിക്കേറ്റർ എന്നിവയും മറ്റ് ഇന്ധനക്ഷമതയുമായി ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കുന്ന ഡിജി അനലോഗ് ഇൻസ്ട്രുമെൻറ് ക്ലസ്റ്റർ പുതിയ ആക്ടിവ125ലുണ്ട്.ഹോണ്ട സ്മാർട്ട് കീയാണ് പുതിയ ആക്ടിവ125ന്റെ ഏറ്റവും പ്രധാന സവിശേഷത. വാഹനം എളുപ്പത്തിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന സ്മാർട്ട് ഫൈൻഡ്, ഫിസിക്കൽ കീ ഉപയോഗിക്കാതെ വാഹനം ലോക്ക് ചെയ്യാനും അൺലോക്ക് ചെയ്യാനും കഴിയുന്ന സ്മാർട്ട് അൺലോക്ക്, സ്മാർട്ട് കീ വാഹനത്തിൻറെ രണ്ട് മീറ്റർ പരിധിക്കുള്ളിലാണെങ്കിൽ റൈഡറെ സുഗമമായി വാഹനം സ്റ്റാർട്ട് ചെയ്യാൻ സഹായിക്കുന്ന  സ്മാർട്ട് സ്റ്റാർട്ട്, വാഹന മോഷണം തടയുന്ന സ്മാർട്ട് സേഫ് എന്നീ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ഹോണ്ട സ്മാർട്ട് കീ സിസ്റ്റം.എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സ്വിച്ച്, രണ്ട് ലിഡ് ഫ്യുവൽ ഓപ്പണിങ് സിസ്റ്റം, 18 ലിറ്റർ സ്റ്റോറേജ് സ്പേസ്, ലോക്ക് മോഡ്, പാസിങ് സ്വിച്ച്, ഓപ്പൺ ഫ്രണ്ട് ഗ്ലോവ് ബോക്സ്, മൂന്ന് ഘട്ടങ്ങളിലായി ക്രമീകരിക്കാവുന്ന റിയർ സസ്പെൻഷൻ. ടെലിസ്കോപ്പിക് സസ്പെൻഷൻ, ട്യൂബില്ലാത്ത ഫ്രിക്ഷണില്ലാത്ത ടയറുകൾ, സമ്പൂർണ എൽഇഡി ഹെഡ്ലാമ്പ് തുടങ്ങിയവയാണ് 2023 ആക്ടിവ125ന്റെ മറ്റു സവിശേഷതകൾ.



സ്മാർട്ട്, ഡിസ്ക്, ഡ്രം അലോയ്, ഡ്രം എന്നിങ്ങനെ നാല് വകഭേദങ്ങളിലും, പേൾ നൈറ്റ് സ്റ്റാർട്ട് ബ്ലാക്ക്, ഹെവി ഗ്രേ മെറ്റാലിക് (ഡ്രം വേരിയൻറിൽ ലഭ്യമല്ല), റിബൽ റെഡ് മെറ്റാലിക്, പേൾ പ്രെഷ്യസ് വൈറ്റ്, മിഡ് നൈറ്റ് ബ്ലൂ മെറ്റാലിക് എന്നിങ്ങനെ അഞ്ച് നിറഭേദങ്ങളിലും 2023 ആക്ടിവ125 ലഭ്യമാവും. എച്ച്സ്മാർട്ട് 88,093 രൂപ, ഡിസ്ക് 86,093 രൂപ,  ഡ്രം അലോയ് 82,588 രൂപ, ഡ്രം 78,920 രൂപ, എന്നിങ്ങനെയാണ് ഡൽഹി എക്സ്ഷോറൂം വില.ഏറ്റവും പുതിയ മാനദണ്ഡങ്ങൾ പാലിക്കുമ്പോൾ തന്നെ തങ്ങളുടെ ഉപഭോക്താക്കൾക്ക് സുഗമവും തടസരഹിതവുമായ യാത്ര ആസ്വദിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ ഏറ്റവും പുതിയ സാങ്കേതികവിദ്യയാണ് ഈ പുതിയ മോഡലിൽ തങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അത്സുഷി ഒഗാറ്റ പറഞ്ഞു.

# പാനൽ ചർച്ച സംഘടിപ്പിച്ച് ഒ ബൈ താമര



**തിരുവനന്തപുരം:** ഇന്ത്യൻ കരകൗശലങ്ങളിൽ യുവതലമുറ പാരമ്പര്യത്തെ കണ്ടെത്തുന്നു എന്ന വിഷയത്തിൽ ഒ ബൈ താമരയും വേദിക ബൊട്ടീക്കുമായി ചേർന്ന് പാനൽ ചർച്ച സംഘടിപ്പിച്ചു. വേദിക ബൊട്ടീക്കിന്റെ സ്ഥാപകയായ മൈത്രി ശ്രീകാന്തിന്റെ ഫാഷൻ ഡിസൈൻ ലോഞ്ച് ചെയ്യുന്ന അസ്യൂറിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യൻ പാരമ്പര്യം വിളിച്ചോതുന്ന വസ്ത്രങ്ങളിലേക്കും സാംസ്കാരിക മുദ്രകളിലേക്കും യുവ തലമുറ മടങ്ങിപ്പോകുന്നത് നമ്മുടെ സംസ്കാരത്തിന് കരുത്താണെന്ന് പാനൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശശി തരൂർ എം.പി പറഞ്ഞു. നമ്മുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലെ നാഴികക്കല്ലായ സ്വദേശി പ്രസ്ഥാനത്തിൽ നമ്മുടെ നാട്ടിലെ വസ്ത്രങ്ങളെയും ഉൽപ്പന്നങ്ങളെയും ഉയർത്തിക്കാട്ടിയാണ് സമരത്തിലേർപ്പെട്ടത്. ഖദർ ഉൾപ്പടെയുള്ള വസ്ത്രങ്ങൾ അത്തരം ദേശീയ പോരാട്ടങ്ങളുടെ അടയാളങ്ങളാണെന്നും നമ്മുടെ നാടിന്റെ അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു. ദേശീയതയും സംസ്കാരവും നമ്മുടെ വസ്ത്രങ്ങളിൽ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ നാടിന്റെ പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കാൻ നാം തയാറാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗൗരി പാർവതി ഭായി തമ്പുരാട്ടി, അഹമ്മദാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ മുൻ ഡയറക്ടർ ഡോ. ഡാർലി കോശി (ഐ.ഐ.ടി.ഡി), താമര ലീഷർ എക്സ്പീരിയൻസസ് സി.ഇ.ഒ ആൻഡ് ഡയറക്ടർ ശ്രുതി ഷിബുലാൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.ഗുജറാത്ത് സംസ്കാരത്തിന്റെ ഭാഗമായ വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും ഭക്ഷണ വിഭങ്ങളുടെയും പ്രദർശനവും കലാ പരിപാടികളും ഇതോടൊപ്പം ഒരുക്കിയിരുന്നു.

# 15 രൂപയുടെ സെൽഫി ഷാമ്പൂ ഹെയർ കളർ അവതരിപ്പിച്ച് ഗോദ്റെജ്

**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് 15 രൂപ വിലയിൽ ഗോദ്റെജ് സെൽഫി ബ്രാൻഡിൽ ഷാമ്പൂ ഹെയർ കളർ ബ്രാൻഡ് അവതരിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി പ്രത്യേകം അവതരിപ്പിക്കുന്ന ഇത് 5മിനിറ്റ് അതിവേഗ ഷാമ്പൂ ബ്രാൻഡാണെന്ന് റെജ് കൺസ്യൂമർ പ്രൊഡക്ടസ് ഹെയർ കെയർ വിഭാഗം മേധാവി നീരജ് സെൻഗുത്തുവൻ പറഞ്ഞു. സ്വയം വളരെ എളുപ്പത്തിൽ ചെയ്യാവുന്ന രീതിയാണ് ഷാമ്പൂ ഹെയർ കളറിന്റേത് എന്നും അതു കൊണ്ട് തങ്ങൾ പുതിയ ബ്രാൻഡിന് ഗോദ്റെജ് സെൽഫി എന്നു പേരു നൽകിയെന്നും ഇതേക്കുറിച്ചു സംസാരിക്കവെ ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ടസ് ഹെയർ കെയർ വിഭാഗം മേധാവി നീരജ് സെൻഗുത്തുവൻ പറഞ്ഞു.

# എന്റെ കേരളം മെഗാ എക്സിബിഷൻ;സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ ഒന്നിന് എറണാകുളത്ത്

**കൊച്ചി:** വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ കൈവരിച്ച മികവും നേട്ടങ്ങളും അവതരിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് ഏപ്രിൽ ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി പി രാജീവ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഏപ്രിൽ ഒന്നു മുതൽ എട്ടു വരെയാണ് മേള. യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മേള ആവിഷ്കരിച്ചിരിക്കുന്നത്. എറണാകുളത്തിന് പിന്നാലെ 13 ജില്ലകളിലും മേള സംഘടിപ്പിക്കും.ഏപ്രിൽ ഒന്നിന് വൈകിട്ട് ഏഴു മണിക്ക് ചേരുന്ന ഉദ്ഘാടന സമ്മേളനത്തിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, പി. രാജീവ്, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, മേയർ എം. അനിൽകുമാർ, എം.എൽ.എമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ.ബി. ഗണേശ് കുമാർ, കെ.പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ എന്നിവർ പ്രസംഗിക്കും. ജില്ലയിൽ നിന്നുള്ള എം.പിമാരും എം.എൽ.എമാരുമടക്കമുള്ള ജനപ്രതിനിധികൾ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും.സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പങ്കെടുക്കുന്ന പ്രദർശനം, വ്യവസായ വകുപ്പിന് കീഴിലെ എം.എസ്.എം.ഇ യൂണിറ്റുകൾ, കുടുംബശ്രീ, സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവർ അണിനിരക്കുന്ന വിപണനമേള, ബി ടു ബി മീറ്റ്, പ്രൊജക്ട് റിപ്പോർട്ടുകൾ തയാറാക്കുന്നതിനും ധനസഹായത്തിന് വഴി കാട്ടുന്നതിനുമുള്ള ക്ലിനിക്കുകൾ, ടെക്നോളജി പ്രദർശനം, ചർച്ചാവേദി, ഭക്ഷ്യമേള എന്നിവയോടെയാണ് മെഗാ എക്സിബിഷൻ നടക്കുന്നത്. എല്ലാ ദിവസവും വൈകിട്ട് പ്രമുഖ കലാസംഘങ്ങൾ അണിനിരക്കുന്ന സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും. പൊലീസ്, കൃഷി, വ്യവസായം എന്നിവയുടെ പവിലിയനുകൾ മേളയുടെ ആകർഷണമാകും.ഏപ്രിൽ ഏഴ് ഒഴികെ എല്ലാ ദിവസവും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സെമിനാറുകളും ബോധവത്കരണ പരിപാടികളും നടക്കും. ഏപ്രിൽ രണ്ടിന് രാവിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സെമിനാർ സംഘടിപ്പിക്കും. ഉച്ചക്ക് ശേഷം കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള സെമിനാറും നടത്തും. മൂന്നാം തീയതി രാവിലെ വിദ്യാഭ്യാസ സെമിനാറും ഉച്ചയ്ക്ക് ശേഷം എക്സൈസും പൊലീസും ചേർന്ന് ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കും.നാലിന് രാവിലെ ഡിജിറ്റൽ റീ സർവെ പ്രവർത്തനങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പരിപാടി നടത്തും. ഉ



ച്ചയ്ക്ക് ശേഷം മോട്ടോർ വാഹന വകുപ്പിന്റെ ട്രാഫിക് ബോധവത്കരണവും കെ.എസ്.ഇ.ബിയുടെ നേതൃത്വത്തിൽ സൗരോർജവുമായി ബന്ധപ്പെട്ട അവതരണവും നടക്കും.അഞ്ചിന് രാവിലെ വ്യവസായ വകുപ്പിന്റെ സംരംഭക സാധ്യതകളെ കുറിച്ചുള്ള പരിപാടിയും ഉച്ചക്ക് ശേഷം സ്ത്രീ സുരക്ഷ സെമിനാറും സംഘടിപ്പിക്കും.

ആറിന് രാവിലെ കാർഷിക സെമിനാറും ഉച്ചക്ക് ശേഷം സഞ്ചാരികളെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര വകുപ്പിന്റെ സെമിനാറുമാണ് സംഘടിപ്പിക്കുന്നത്. അവസാന ദിവസമായ എപ്രിൽ എട്ടിന് രാവിലെ ആരോഗ്യ സെമിനാറും ഉച്ചയ്ക്ക് ശേഷം സഹകരണ വകുപ്പ് നടത്തുന്ന സെമിനാറും സംഘടിപ്പിക്കും.ആധാർ രജിസ്ട്രേഷൻ, പുതുക്കൽ തുടങ്ങിയ സേവനങ്ങൾ തത്സമയം അക്ഷയയുടെ പവിലിയനിൽ ലഭിക്കും. റേഷൻ കാർഡ് സംബന്ധമായ പ്രശ്നങ്ങൾ ഭക്ഷ്യവകുപ്പിന്റെ സ്റ്റാളിൽ പരിഹരിക്കാം. റവന്യൂ സംബന്ധമായ സേവനങ്ങളുമായാണ് റവന്യൂ വകുപ്പിന്റെ സ്റ്റാൾ. മാലിന്യ സംസ്കരണത്തിലെ പുതിയ മാതൃകകൾ ശുചിത്വ മിഷൻ അവതരിപ്പിക്കും. യുവജനങ്ങൾക്കായി സേവനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മൂന്ന് വിഭാഗങ്ങളിലായി സ്റ്റാളുകളൊരുക്കും. സ്റ്റാർട്ടപ്പ് മിഷൻ, തൊഴിൽ എംപ്ലോയ്മെന്റ് വകുപ്പുകൾ, പൊതുവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, അസാപ് തുടങ്ങിയവയുടെ സ്റ്റാളുകൾ ഈ വിഭാഗത്തിലുണ്ടാകും. ഊർജമേഖലയുമായി ബന്ധപ്പെട്ട നൂതന മാതൃകകൾ അനർട്ടിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും സ്റ്റാളുകളിൽ പ്രദർശിപ്പിക്കും. കിഫ്ബിയുടെ പ്രത്യേക പവിലിയനിൽ കിഫ്ബി പദ്ധതികളുടെ അവതരണം നടക്കും.സഹകരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, സപ്ലൈകോ, എക്സൈസ്, ഫയർ ആന്റ് റെസ്ക്യൂ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, മോട്ടോർ വെഹിക്കിൾ, പൊതുമരാമത്ത്, രജിസ്ട്രേഷൻ, സോഷ്യൽ ജസ്റ്റിസ്, വനിത ശിശുക്ഷേമം, സാമൂഹ്യനീതി, പട്ടികജാതി, പട്ടികവർഗം, കയർ, ലീഗൽ മെട്രോളജി, ഹോമിയോ, വനം, ഫിഷറീസ് വകുപ്പുകളും പ്രദർശനത്തിൽ പങ്കെടുക്കും. കൃഷി, വനം, പൊലീസ് വകുപ്പുകളുടെ ഔട്ട് ഡോർ ഡിസ്പ്ലെ സോണുകളും സജ്ജമാക്കുന്നുണ്ട്. പൊലീസിന്റെ ആഭിമുഖ്യത്തിൽ ദിവസവും ഡോഗ് ഷോ, വാഹന പ്രദർശനം, സ്വയരക്ഷാ പരിശീലന പ്രദർശനം എന്നിവയും പ്രദർശന നഗരിയിൽ അരങ്ങേറും.ഉദ്ഘാടന ദിവസമായ ഏപ്രിൽ ഒന്നിന് സ്റ്റീഫൻ ദേവസിയുടെ ബാൻഡ് അരങ്ങേറും. തുടർന്നുള്ള ദിവസങ്ങളിൽ (ഏപ്രിൽ 6 വരെ) ജാസി ഗിഫ്റ്റ് മ്യൂസിക് നൈറ്റ്, ദുർഗ വിശ്വനാഥ് വിപിൻ സേവ്യർ ഗാനമേള, താമരശ്ശേരി ചുരം ബാൻഡ്, ഗിന്നസ് പക്രു സൂപ്പർ മെഗാഷോ, ആട്ടം ചെമ്മീൻ ബാൻഡ് എന്നിവ അരങ്ങേറും. ഏപ്രിൽ എട്ടിന് വൈകിട്ട് ഏഴു മണിക്ക് അലോഷിയുടെ ഗസൽ രാത്രിയോടെയാണ് സമാപനം. മറൈൻ ഡ്രൈവിൽ പ്രദർശന നഗരിയുടെ നിർമാണം അന്തിമഘട്ടത്തിലാണ്. വൻ ജനപങ്കാളിത്തമാണ് മേളയിൽ പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പി രാജീവ് വ്യക്തമാക്കി.

## ബൂസ്റ്റർ ഡോസ് ലഭിക്കും



ആലപ്പുഴ: 18 വയസിന് മുകളിൽ പ്രായമുള്ളവരും ആറ് മാസത്തിന് മുൻപ് രണ്ട് ഡോസ് കോവാക്സിനും എടുത്തവർക്ക് ബൂസ്റ്റർ ഡോസ് എടുക്കാവുന്നത്. ഇതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മാർച്ച് 31 വരെയാണ് വാക്സിൻ ലഭിക്കുകയെന്ന് അധികൃതർ അറിയിച്ചു.സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളായ (സി.എച്ച്.സി.) അമ്പലപ്പുഴ, അരൂക്കുറ്റി, തൃക്കുന്നപ്പുഴ, വെളിയനാട് എന്നിവിടങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ (പി.എച്ച്.സി) പുന്നപ്ര സൗത്ത്, പുറക്കാട്, തോട്ടപ്പള്ളി, പള്ളിപ്പുറം, തകഴി, ചേപ്പാട്, പത്തിയൂർ, ബുധനൂർ, കടമ്പൂർ, മുളക്കുഴ, പുലിയൂർ, കാർത്തികപ്പള്ളി, എഴുപുന്ന, വല്ലേത്തോട്, കാവാലം, മുട്ടാർ, നീലംപേരൂർ, രാമങ്കരി എന്നിവിടങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായ (എഫ്.എച്ച്.സി.) പുന്നപ്ര നോർത്ത്, ചെന്നിത്തല, ആറാട്ടുപുഴ, ആല, ചെറുതന, വീയ്യപുരം അമ്പലപ്പുഴ നോർത്ത് എന്നിവിടങ്ങളിലും തുറവൂർ, ചെങ്ങന്നൂർ താലൂക്ക് ആശുപത്രികളിലും ആലപ്പുഴ ജില്ലാ ആശുപത്രിയിലുമാണ് ബൂസ്റ്റർ ഡോസ് വാക്സിൻ ലഭിക്കുക.

## ഇസിജി ടെക്നീഷ്യൻ/ടെക്നോളജിസ്റ്റ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ ഇസിജി ടെക്നീഷ്യൻ/ടെക്നോളജിസ്റ്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത: എസ്എസ്എൽസി/തത്തുല്യം, ഇസിജിയിൽ വിഎച്ച്എസ്സി സർട്ടിഫിക്കറ്റ്, പി.എസ്.സി അംഗീകരിച്ച ഇസിജി ടെക്നീഷ്യൻ കോഴ്സ്. ഉയർന്ന പ്രായപരിധി 40 വയസ് (പ്രവൃത്തി പരിചയമുളളവർക്ക് മുൻഗണന. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫോൺ നമ്പർ സഹിതമുള്ള ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത/പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് ഴവലസാവ്യ@ഴാമശഹ.രീാ ഇമെയിലിലേക്ക് ഏപ്രിൽ 10ന് വൈകിട്ട് അഞ്ചിനു മുമ്പായി അയക്കണം. ഇമെയിൽ അയക്കുമ്പോൾ ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് ഇസിജി ടെക്നീഷ്യൻ എന്ന് ഇമെയിൽ സബ്ജക്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഓഫീസിൽ നിന്ന് ഫോൺ മുഖാന്തരം അറിയിപ്പ് ലഭിക്കുമ്പോൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, തിരിച്ചറിയൽ രേഖകൾ എന്നിവയും അവയുടെ കോപ്പിയും സഹിതം കോവിഡ് പ്രോട്ടോകോളിന് വിധേയമായി അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകണം.

